
# കേരള പ്രൈവററ് കോളേജ് ടീച്ചർ

# AKPCTA

ജേർണൽ 1982 മാർച്ച്

# ക്ഷേമനിധിയിൽനിന്നും ധനസഹായം



കണ്ണൂർ എസ്. എൻ. കോളേജിൽ അധ്യാപികയായിരിക്കെ അന്തരിച്ച ശ്രീമതി. ആർ. സതിയുടെ കുടുംബത്തിന് എ. കെ. പി. സി. ടി. വെൽഫയർ ട്രസ്റ്റിൽനിന്നുള്ള സഹായധനമായ പതിനായിരം രൂപയുടെ ചെക്ക് കോഴിക്കോടു യൂണിവേഴ്സിററി വൈസ്ചാൻസ്ലർ പ്രൊഫ. കെ. എ. ജലീൽ, ശ്രീമതി സതിയുടെ മകൻ സ്വപ്നാസുധാകരനെ ഏൽപിക്കുന്നു. ചടങ്ങിൽ ധാരാളം അധ്യാപകരും വിദ്യാർത്ഥികളും പങ്കെടുത്തു.

കണ്ണൂർ ശ്രീനാരായണാകോളേജ് ബോട്ടണി ഡിപ്പാർട്ടുമെൻറിൽ അധ്യാപികയായിരിക്കെ അന്തരിച്ച ശ്രീമതി ആർ. സതിയുടെ, കുടുംബത്തിന് എ. കെ. പി. സി. ടി. ക്ഷേമനിധിയിൽ നിന്നുള്ള സഹായധനമായ പതിനായിരം രൂപ ഫെബ്രുവരി നാലിന് കോളേജിൽ നടന്ന ചടങ്ങിൽവച്ച് നൽകുകയുണ്ടായി. കോഴിക്കോട് യൂണിവേഴ്സിററി വൈസ്ചാൻസ്ലർ പ്രൊഫ. കെ. എ. ജലീലാണ് പതിനായിരം രൂപയ്ക്കുള്ള ചെക്ക് ശ്രീമതി സതിയുടെ മകൻ സ്വപ്നാസുധാകരനെ ഏൽപിച്ചത്. സംഘടനാപ്രസിഡൻറ് പ്രൊഫ. പി. രവീന്ദ്രനാഥ് ചടങ്ങിൽ അധ്യക്ഷതവഹിച്ചു. ഡോ. ടി. പി. ബാലകൃഷ്ണൻ (ചെയർമാൻ, മാനേജ്മെൻറ് ലോക്കൽ കമ്മിററി, എസ്. എൻ. കോളേജ്) ശ്രീ. ടി. കെ. ബാലൻ (എൻ. ജി. ഒ. യൂണിയൻ വൈസ് പ്രസിഡൻറ്) ശ്രീ. കെ. സി. മാധവൻ (പഞ്ചായത്ത് പ്രസിഡൻറ്) ഡോ. പി. രാമചന്ദ്രൻ (പ്രിൻസിപ്പൽ) പ്രൊഫ ഇബ്രാഹിംകുട്ടി (എ. കെ. ജി. സി. ടി.) പ്രൊഫ. എം. ആർ. ചന്ദ്രശേഖരൻ, പ്രൊഫ വി. നാരായണൻകുട്ടി എന്നിവർ യോഗത്തിൽ സംസാരിച്ചു. ബ്രാഞ്ച് സെക്രട്ടറി പ്രൊഫ. കെ. ഇ. ഏ. പത്മനാഭൻ സ്വാഗതവും പ്രസിഡൻറ് പ്രൊഫ. പി. കെ. എസ്. ഭദ്രൻ കൃതജ്ഞതയും പറഞ്ഞു.

*Kerala*
*Private College Teacher*

*Monthly Journal of*
*A. K. P. C. T. A*

*R. No. M-36025/81*
*Regd. No. KL/TV (N) 237*

**നമ്പർ : 36**

**മാർച്ച് 1982**

**വില:**

ഒററപ്രതി-75 പൈസ

വാർഷികവരിസംഖ്യ—7.50 രൂപ

പത്രാധിപസമിതി:

പി. രവീന്ദ്രനാഥ്

എൻ. എം. ജോസഫ്

എൻ. ഭാർഗവൻ

വി. നാരാണൻകുട്ടി

ജി. മാധവൻനായർ

എം. ആർ. ചന്ദ്രശേഖരൻ

വി. എൻ. മുരളി
(ചീഫ് എഡിററർ)

*AllCorrespondence regardingthe Journal Should be addressed to:*

*Chief Editor*
*Vasantham*
*Chempakaserry Nagar*
*Kesavadasapuram*
*Trivandrum-4*

# കേന്ദ്രീകൃത പരിശോധന തുടരണം

കേരള-കാലിക്കട്ട് യൂണിവേഴ്സിററികൾ കേന്ദ്രീകൃത പരിശോധനാരീതി നിർത്തൽ ചെയ്യാൻ ഈയിടെ തീരുമാനമെടുത്തു. സാമ്പത്തികബുദ്ധിമുട്ടുകളാണ് കാരണമായിപ്പറയുന്നത്. യൂണിവേഴ്സിററികളുടെ ഈ തീരുമാനം ശരിയല്ലെന്നും നിലവിലുള്ള രീതി തുടരണമെന്നും എ. കെ. പി. സി. ടി. എ. പ്രവർത്തക സമിതി അന്നുതന്നെ ആവശ്യപ്പെടുകയുണ്ടായി വിദ്യാർത്ഥി സംഘടനകളും ഇതുതന്നെ പറഞ്ഞു. ഏതായാലും കാലിക്കട്ട് യൂണിവേഴ്സിററി അവരെടുത്ത തീരുമാനം തിരുത്തിയിട്ടുണ്ട്. കേരളയൂണിവേഴ്സിററിയും തീരുമാനം തിരുത്തണമെന്നും കേന്ദ്രീകൃത പരിശോധന തുടരണമെന്നും ഞങ്ങളാവശ്യപ്പെടുന്നു.

അധ്യാപകർക്ക് അർഹമായ അവധിക്കാലം നഷ്ടപ്പെടുത്തുന്ന ഈ പരിശോധനാ സമ്പ്രദായത്തെ അതിന്റെ സാമൂഹ്യമായ ആവശ്യകത കൊണ്ടുമാത്രമാണ് ഞങ്ങൾ സ്വാഗതം ചെയ്യുന്നത്. വിദ്യാർത്ഥികളേയും രക്ഷാകർത്താക്കളേയും ആകെ കഷ്ടപ്പെടുത്തുന്ന തരത്തിലായിരുന്നുവല്ലോ യൂണിവേഴ്സിററിയുടെ പരീക്ഷാഫലപ്രഖ്യാപനരീതികൾ. അതുവരുത്തിയിരുന്ന കാലതാമസം കൊണ്ടു വലഞ്ഞ വിദ്യാർത്ഥികളും രക്ഷാകർത്താക്കളും പ്രതിഷേധശബ്ദമുയർത്തിയപ്പോഴാണ് യൂണിവേഴ്സിററികൾ കേന്ദ്രീകൃതപരിശോധനയുടെ മാർഗ്ഗം ആവിഷ്കരിച്ചത്. കാലതാമസം വലിയൊരളവുവരെ കുറയ്ക്കാൻ ഈ പുതിയ രീതി കൊണ്ടുകഴിഞ്ഞു. എന്നാൽ പഴയ സമ്പ്രദായത്തിലേയ്ക്ക് വീണ്ടും മടങ്ങിപ്പോകാനുള്ള യൂണിവേഴ്സിററി തീരുമാനം വിദ്യാർത്ഥികളെ പ്രതികൂലമായി ബാധിക്കും. അതുണ്ടാകരുതെന്ന് ഞങ്ങൾക്കാഗ്രഹമുണ്ട്.

ഇപ്പോൾ പ്രീഡിഗ്രിതലത്തിൽ മാത്രം നടത്തുന്ന കേന്ദ്രീകൃതപരിശോധന ഡിഗ്രിതലത്തിലേയ്ക്കും വ്യാപിപ്പിക്കേണ്ടതുണ്ട്. അതോടൊപ്പം പരിശോധനയിലേർപ്പെടുന്ന അധ്യാപകർക്ക് അർഹമായ അവധിക്കാലം നഷ്ടപ്പെടുന്നതുകൊണ്ട്, ഇൻവിജിലേഷന് ഇന്നനുവദിച്ചിട്ടുള്ളതുപോലെ ഏൺഡ്ലീവ് അനുവദിക്കുകയും വേണം. □

# ഏൺഡ് ലീവ്

പ്രൊഫ. ആർ. രവീന്ദ്രൻനായർ, സെക്രട്ടറി, എ.കെ.പി.സി.ടി.എ.

1981 ഫെബ്രുവരി മാസത്തിൽ കോളേജ് അധ്യാപകരുടെ സമരം ഒത്തുതീർപ്പിലെത്തിച്ച തീരുമാനങ്ങളെ അടിസ്ഥാനമാക്കി സർക്കാർ പുറപ്പെടുവിച്ച ഏൺഡ് ലീവ് സംബന്ധമായ കല്പന, എ. കെ. പി. സി. ടി. എ. ജേർണൽ (1981 ജൂൺ ലക്കം) പ്രസിദ്ധീകരിച്ചിരുന്നത് ശ്രദ്ധിച്ചിരിക്കുമല്ലോ. അതു സംബന്ധമായ ചില വിശദീകരണങ്ങൾ പല കോളേജുകളിൽ നിന്നും അംഗങ്ങൾ ആവശ്യപ്പെട്ടതുകൊണ്ടാണ് ഈ കുറിപ്പ് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നത്.

1. ഇൻവിജിലേഷൻ ഡ്യൂട്ടിയിൽ ഏർപ്പെട്ടിരിക്കുന്ന അധ്യാപകന് ഡ്യൂട്ടിക്കിടയിൽ വരുന്ന അവധി ദിവസങ്ങൾ, നഷ്ടപ്പെടുന്ന വെക്കേഷന്റെ ഭാഗമായി കണക്കാക്കി ഏൺഡ് ലീവ് അനുവദിക്കുന്നതാണ്.

അതായത്, (a) ശനിയാഴ്ച ഡ്യൂട്ടിയുണ്ടായിരുന്ന അധ്യാപകൻ തിങ്കളാഴ്ചയും ഡ്യൂട്ടിയിലാണെങ്കിൽ ഞായറാഴ്ചയും ഡ്യൂട്ടിയിലായിരുന്നതായി പരിഗണിക്കുന്നതാണ്. (b) ഇതു പോലെ ഡ്യൂട്ടിയുണ്ടായിരുന്ന രണ്ടു പ്രവൃത്തി ദിവസങ്ങൾക്കിടയിൽ വരുന്ന പൊതു ഒഴിവു ദിവസങ്ങളും ഡ്യൂട്ടി ഉള്ള ദിവസങ്ങളായി പരിഗണിക്കുന്നതാണ്.

2. ഇൻവിജിലേഷൻ ഡ്യൂട്ടി ഒരു സെഷൻ ആയാലും രണ്ടു സെഷൻ ആയാലും അതു് ഒരു ഡ്യൂട്ടി ദിവസമായി പരിഗണിക്കുന്നതാണ്. (എ. കെ. പി. സി. ടി. എ. ജേർണൽ ജനുവരി ലക്കം നോക്കുക.)

ഏൺഡ് ലീവ് കണക്കാക്കുന്നതു് താഴെ കൊടുത്തിരിക്കുന്ന ഫോർമുല പ്രകാരമായിരിക്കും.

$\frac{N \times 30}{V}$ N = ഡ്യൂട്ടിനോക്കിയ ദിവസങ്ങളുടെ എണ്ണം.
V = വെക്കേഷൻ ദിവസങ്ങളുടെ എണ്ണം.

ഉദാഹരണം:-

മൊത്തം ഡ്യൂട്ടിനോക്കിയ ദിവസങ്ങളുടെ എണ്ണം = 15
വെക്കേഷൻ ദിവസങ്ങളുടെ എണ്ണം = 61
ഏൺഡ് ലീവ് $= \frac{15 \times 30}{61} = 7$ പൂർണ്ണ ദിവസങ്ങൾ

ഇതിലെ ശിഷ്ടം നഷ്ടമാകുന്നതാണ്.

സർവീസ് ബുക്കിൽ അതതു വർഷത്തെ വിവരങ്ങൾ രേഖപ്പെടുത്തുമ്പോൾ വലതു ഭാഗത്തുള്ള പേജിൽ ഇൻവിജിലേഷൻ ഡ്യൂട്ടി ഉണ്ടായിരുന്ന ആകെ ദിവസങ്ങൾ രേഖപ്പെടുത്തി ചീഫ് സൂപ്രണ്ട് കൂടിയായ പ്രിൻസിപ്പൽ ഒപ്പുവയ്ക്കണം. അധ്യാപകൻ ജോലി നോക്കുന്ന കോളേജിലല്ല ഡ്യൂട്ടി നോക്കിയതെങ്കിൽ, ഡ്യൂട്ടിനോക്കിയകോളേജിലെ ചീഫ് സൂപ്രണ്ട് ഒപ്പു വച്ച ഡ്യൂട്ടി സർട്ടിഫിക്കറ്റിലെ വിവരങ്ങൾ സർവീസ് ബുക്കിൽ രേഖപ്പെടുത്തുന്നതോടൊപ്പം, ആ സർട്ടിഫിക്കറ്റ് ഒട്ടിച്ചു വയ്ക്കുകകൂടി വേണം.

മുകളിൽ പറഞ്ഞിട്ടുള്ള ഫോർമുല പ്രകാരം ഏൺഡ് ലീവ് കണക്കാക്കി അതു് സർവീസ് ബുക്കിന്റെ അവസാനത്തെ പേജിൽ പ്രിവിലേജ് ലീവിന്റെ കോളത്തിൽ രേഖപ്പെടുത്തി പ്രിൻസിപ്പൽ ഒപ്പു വച്ച് മാനേജർക്ക് അയക്കേണ്ടതാണ്. മാനേജരാണ് ഏൺഡ് ലീവ് അനുവദിക്കുന്ന അധികാരി. ലീവ് പാസ്സായി വന്നാൽ പിന്നീട് സാധാരണ ലീവ് സറണ്ടർ ചെയ്യുന്ന രീതിയിൽ മുഴുവൻ ലീവും സറണ്ടർ ചെയ്യാവുന്നതാണ്. ഒരു പ്രാവശ്യം സറണ്ടർ ചെയ്യാവുന്ന പരമാവധി ദിവസങ്ങളുടെ എണ്ണം 45 ആണ് ഇത് 30+15 ആയി വിഭജിച്ച് രണ്ട് 'G.O' പ്രകാരം അവകാശപ്പെടാവുന്നതാണ്.

(i) 30 days: G O (P) 605/70 Fin dt 26-8-70 and 68/72 Fin. dt. 7-3-72)
(ii) 15 days: G O (P) 794/70 Fin. dt. 10-11-70

ഒരിക്കൽ ലീവ് സറണ്ടർ ചെയ്താൽ പിന്നെ ഒരു വർഷം കഴിഞ്ഞതിനു ശേഷമേ വീണ്ടും ലീവ് സറണ്ടർ ചെയ്യാൻ പാടുള്ളു.

ഈ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ, അധ്യാപകർ വേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിയ്ക്കുന്നു.

# വിദ്യാഭ്യാസമേഖലയും കേരളത്തിന്റെ ആറാം പദ്ധതിയും

എസ്. കൃഷ്ണയ്യർ
(ജോയിന്റ് ഡയറക്ടർ, സ്റേററ് പ്ലാനിങ്ങ് ബോർഡ്, തിരുവനന്തപുരം)

സാമൂഹ്യ–സാംസ്കാരിക–സാമ്പത്തിക പുരോഗതി നേടുന്നതിന് അനുപേക്ഷണീയമായ ഒരു മുൻഉപാധിയാണ് വിദ്യാഭ്യാസം. ബ്രിട്ടീഷ് ഇന്ത്യയിൽ സമൂഹത്തിലെ ഉയർന്ന ശ്രേണിയിൽപ്പെട്ടവർക്ക് മാത്രമായിട്ടാണ് വിദ്യാഭ്യാസ യന്ത്രം ചലിച്ചിരുന്നത്. മെക്കാളെ പ്രഭുവിന്റെ ശുപാർശകളുടെ അടിസ്ഥാനത്തിലാണ് ബ്രിട്ടീഷ് ഗവൺമെന്റ് ഇന്ത്യയിലെ വിദ്യാഭ്യാസ സമ്പ്രദായം ആവിഷ്കരിച്ചത്. ഇന്ത്യയുടെ സാംസ്കാരിക പൈതൃകത്തിനോ നിലവിലുണ്ടായിരുന്ന വിവിധ ഭാഷകൾക്കോ പ്രാധാന്യം കല്പിക്കാത്ത ഒരു സമ്പ്രദായമായിരുന്നു അത്. നിലവിലുള്ള ബ്രിട്ടീഷ് ഭരണത്തെ സഹായിക്കുവാൻ കഴിവുള്ള ഉദ്യോഗസ്ഥന്മാരെ സൃഷ്ടിക്കുകയായിരുന്നു ഈ സമ്പ്രദായത്തിന്റെ പ്രധാന ലക്ഷ്യം. സ്വാതന്ത്ര്യലബ്ധിക്കു ശേഷവും ഈ വിദ്യാഭ്യാസ സമ്പ്രദായത്തിന് സാരമായ മാററമൊന്നുമുണ്ടായിരുന്നില്ല. മാററമുണ്ടായിട്ടുള്ളത് വിദ്യാർത്ഥികളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും എണ്ണത്തിൽ മാത്രമാണ്. ഗുമസ്തപ്പണിക്കല്ലാതെ മററു തൊഴിലിനൊന്നും യോഗ്യതയില്ലാത്ത യുവാക്കളെയാണ് ഇന്നത്തെ വിദ്യാലയങ്ങൾ പുറത്തിറക്കുന്നത്. രാജ്യത്തെ ഉല്പാദന മേഖലകളുമായി പൊരുത്തപ്പെടാത്ത ഒരുവിദ്യാഭ്യാസ സമ്പ്രദായമാണ് ഇന്ന് ഇവിടെ നിലവിലിരിക്കുന്നത്. ശാസ്ത്ര–സാങ്കേതിക രംഗങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വളർച്ച വിദ്യാഭ്യാസ രംഗത്ത് പ്രതിഫലിച്ചു കാണുന്നില്ല.

പുസ്തകവിജ്ഞാനത്തെക്കാൾ പ്രായോഗിക വിജ്ഞാനത്തിന് പ്രാമുഖ്യം നൽകുന്ന പാഠ്യപദ്ധതിയാണ് ഇന്നത്തെ ആവശ്യം. വിദ്യാഭ്യാസം തൊഴിൽ ആഭിമുഖ്യമുള്ളതാക്കാൻ പ്രായോഗിക പദ്ധതികൾ വേണം. തൊഴിൽ പരിചയവും സാമൂഹ്യസേവനവും വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കേണ്ടിയിരിക്കുന്നു. പ്രത്യേക തൊഴിൽ പ്രോജക്ററുകളിൽ പങ്കെടുക്കുന്നവർക്കു മാത്രമേ ബിരുദം നൽകുകയുള്ളു എന്ന് ചില സോഷ്യലിസ്ററ് രാജ്യങ്ങളിലെ നിബന്ധന ഇന്ത്യയിലും പ്രാവർത്തികമാക്കണം. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം വളരുന്നതോടെ തൊഴിലവസരങ്ങളും വർദ്ധിക്കണം. ഇല്ലെങ്കിൽ മററ് അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരോടൊപ്പം തൊഴിലധിഷ്ഠിതവിദ്യാഭ്യാസം നേടിയവരും തൊഴിൽതേടി തെരുവുകളിൽ അലഞ്ഞുതിരിയുവാൻ ഇടയാകും.

യൂറോപ്യൻ രാജ്യങ്ങളിൽ വ്യവസായ പുരോഗതിയുടെ പിന്നാലെയാണ് വിദ്യാഭ്യാസ പുരോഗതിയുണ്ടായത്. ഇന്ത്യയിലാകട്ടെ വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിച്ചിട്ടും വ്യവസായവത്കരണം പിന്നോക്കം നിൽക്കുന്നതേയുള്ളൂ. ഇതു കാരണം ഇവിടെ തൊഴിലില്ലായ്മ പ്രശ്നം സങ്കീർണ്ണമായി തീർന്നിരിക്കുകയാണ്. പരമ്പരാഗത വിദ്യാഭ്യാസ രീതിയിൽ മാററം വരുത്തി തൊഴിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുതകുന്ന ഒരു നൂതന വിദ്യാഭ്യാസ രീതി ആവിഷ്ക്കരിച്ചു നടപ്പാക്കുകയെന്നതാണ് ഇന്നത്തെ പ്രധാന ആവശ്യം.

## ബാഹ്യമായ പുരോഗതി

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ വിദ്യാഭ്യാസരംഗം

ഇതിന്റെ ബാഹ്യമായവശങ്ങളിലെങ്കിലും പുരോഗതി നേടിയിട്ടുണ്ട്. കേരളത്തിൽ വിദ്യാഭ്യാസത്തിനുവേണ്ടി ചെലവാക്കുന്ന തുക വൻപിച്ചതാണെങ്കിലും അതിനനുസരിച്ചുള്ള പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. 1961 തൊട്ട് 1971 വരെയുള്ള ദശകത്തിൽ ദേശീയ സാക്ഷരതാനിരക്ക് 22.7 ശതമാനത്തിൽ നിന്നും 29.3 ശതമാനാമായി വർദ്ധിച്ചപ്പോൾ സംസ്ഥാനത്തിന്റെ സാക്ഷരതാനിരക്ക് 45.8 ൽ നിന്നും 60.4 ആയി ഉയർന്നു. 1981 ലെ സെൻസസ് കണക്കുകളനുസരിച്ച് കേരളത്തിലെ സാക്ഷരതാ നിരക്ക് 69.2 ശതമാനമാണ്. 1981–82 ലെ സംസ്ഥാന ബജററനുസരിച്ച് വിദ്യാഭ്യാസമേഖലയിൽ വികസനമേഖലകളിലെ ആകെ ചെലവിന്റെ 36 ശതമാനത്തോളം നിക്ഷേപിക്കുന്നതാണ്–അതായത്, 668 കോടി രൂപയിൽ 238 കോടി രൂപ വിദ്യാഭ്യാസത്തിനായിരിക്കും. വിദ്യാഭ്യാസവികസനത്തിനായി ഇത്രയധികം പ്രാധാന്യം കൽപിക്കുന്ന മററൊരു സംസ്ഥാനവുമില്ലെന്നുതന്നെപറയാം. പക്ഷെ വിദ്യാഭ്യാസച്ചെലവിന്റെ ഭൂരിഭാഗവും പ്രാഥമിക വിദ്യാഭ്യാസ വികസത്തിനാണ് കേരളത്തിൽ ചെലവാക്കപ്പെടുന്നത്. വിദ്യാഭ്യാസമേഖലയിലെ വാർഷിക നിക്ഷേപം സംസ്ഥാനവരുമാനത്തിന്റെ എട്ട് ശതമാനത്തോളമാണ്. ഇന്ത്യയൊട്ടാകെയുള്ള വിദ്യാഭ്യാസച്ചെലവാകട്ടെ ദേശീയ വരുമാനത്തിന്റെ നാല് ശതമാനമത്താളം മാത്രമാണ്.

1970–71 ൽ സംസ്ഥാനത്തെ വിവിധ പ്രൈമറി ക്ളാസുകളിൽ 40 ലക്ഷത്തോളം കുട്ടികൾ പഠിച്ചിരുന്നു. 1980–81 ൽ പ്രൈമറി ക്ളാസുകളിലെ കുട്ടികളുടെ എണ്ണം 43 ലക്ഷമായി ഉയർന്നു. ഈ കാലയളവിൽ സെക്കണ്ടറി ക്ളാസുകളിലെ കുട്ടികളുടെ എണ്ണമാകട്ടെ 13 ലക്ഷമായി വർദ്ധിച്ചു. ഉന്നത വിദ്യാഭ്യാസം തേടുന്നവരുടെ എണ്ണം 1960–61ൽ 0.36 ലക്ഷമായിരുന്നത് 1979–80ൽ 2.12 ലക്ഷമായി ഉയർന്നു. മൊത്തം വിദ്യാഭ്യാസച്ചെലവിന്റെ 57 ശതമാനം പ്രാഥമിക വിദ്യാഭ്യാസത്തിനും, 26 ശതമാനം സെക്കണ്ടറി വിദ്യാഭ്യാസത്തിനും പത്ത് ശതമാനം സർവ്വകലാശാലാവിദ്യാഭ്യാസത്തിനും, നാല് ശതമാനം സാങ്കേതിക വിദ്യാഭ്യാസത്തിനുമാണ് വേണ്ടി വരുന്നത്.

## വിദ്യാഭ്യാസവും പഞ്ചവൽസരപദ്ധതികളും

കേരളത്തിന്റെ ആദ്യത്തെ മൂന്നു പഞ്ചവൽസരപദ്ധതികളും വിദ്യാഭ്യാസസ്ഥാപനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലാണ് കൂടുതൽ ശ്രദ്ധപതിപ്പിച്ചിരുന്നത്. ഇതിന്റെ ഫലമായി സംസ്ഥാനത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ മേൻമയ്ക്ക് സാരമായ കോട്ടം തട്ടുകയുണ്ടായി. ഈ കുറവ് പരിഹരിക്കുന്നതിലേക്കായി നാലും അഞ്ചും പദ്ധതികളിൽ പല പരിപാടികളും ആവിഷ്ക്കരിക്കപ്പെട്ടു. എങ്കിലും പരിഷ്ക്കരിച്ച വിദ്യാഭ്യാസസമ്പ്രദായം, സിലബസ്മാററം, അദ്ധ്യാപകപരിശീലനം തുടങ്ങിയ പലരംഗങ്ങളിലും ഉദ്ദേശിച്ച പുരോഗതി നേടാൻ ഇനിയും കഴിഞ്ഞിട്ടില്ല.

വിദ്യാർത്ഥികളുടെ പ്രവർത്തനശേഷി മെച്ചപ്പെടുത്തുകയല്ല, മറിച്ച് വെള്ളക്കോളർ ഉദ്യോഗാർത്ഥികളെ സൃഷ്ടിക്കുകയാണ് ഇന്നത്തെ വിദ്യാഭ്യാസം ചെയ്യുന്നത്. അതിനാൽ പൊതുജനവിദ്യാഭ്യാസമേഖലയെ കൂടുതൽ ക്രമീകരിക്കുകയും തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസത്തിനു ഊന്നുനൽകുകയും വേണം. സംസ്ഥാനത്തിന്റെ വിവിധസാമ്പത്തികമേഖലകൾക്കു ആവശ്യമായ തൊഴിൽ സേനയെ വാർത്തെടുക്കുന്നതിനായി വിദ്യാഭ്യാസ രംഗത്തെ സജ്ജീകരിക്കുകയും വേണം.

പഞ്ചവൽസര പദ്ധതിയുടെ ആവിർഭാവത്തിനുശേഷം വിദ്യാഭ്യാസരംഗത്ത് വമ്പിച്ച വളർച്ച—പ്രത്യേകിച്ചും വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിദ്യാർത്ഥികൾ, അധ്യാപകർ എന്നിവയുടെ കാര്യത്തിൽ—ഉണ്ടായിട്ടുണ്ട്. 1979-80 ൽ സംസ്ഥാനത്ത് 1980 ഹൈസ്ക്കൂളുകളും 2739 അപ്പർ പ്രൈമറി സ്ക്കൂളുകളും 6970 ലോവർ പ്രൈമറി സ്ക്കൂളുകളും ഉണ്ടായിരുന്നു. ഇവയിലെ വിദ്യാർത്ഥികളുടെ എണ്ണം 55.8 ലക്ഷവും അധ്യാപകരുടെ എണ്ണം 1.76 ലക്ഷവുമായിരുന്നു. വിദ്യാഭ്യാസ മേഖലക്കാവശ്യമായ വാർഷികച്ചെലവ് വർദ്ധിച്ചുവരുകയാണ്. സമ്പദ് വ്യവസ്ഥയിലെ ഇതര

(ശേഷം 19-ാം പേജിൽ)

- സ്ഥലം മാററങ്ങൾക്ക് നീതിയുക്തമായ മാനദണ്ഡങ്ങൾ അംഗീകരിക്കുക.
- ലീവനുവദിക്കുന്നതിലുള്ള വിവേചനവും കാലതാമസവും അവസാനിപ്പിയ്ക്കുക.
- ട്രസ്ററാഫിസിന്റെയും കോളേജാഫീസുകളുടെയും പ്രവർത്തനം കാര്യക്ഷമമാക്കുക.
- സീനിയോറിററി ലിസ്ററ് പ്രസിദ്ധപെടുത്തുക.
- 1966-ലെ ശമ്പള പരിഷ്ക്കാരത്തെതുടർന്ന് ലഭിക്കാനുള്ള കുടിശിക നൽകുക.

# എസ്. എൻ ട്രസ്ററാഫീസ് പടിക്കൽ എ.കെ.പി.സി.ടി.എ. ധർണ്ണ

കോർപ്പറേററ് മാനേജുമെൻറുകൾ അധ്യാപകരുടെ ന്യായമായ അവകാശങ്ങൾ നിഷേധിക്കുന്നതിനെതിരെ എ. കെ. പി. സി. ടി. എ. നടത്തിവരുന്ന സമരത്തിന്റെ ഭാഗമായി മാർച്ച് 8-ാം തീയതി കൊല്ലം, എസ്. എൻ. ട്രസ്ററ് ഓഫീസ് പടിക്കൽ അധ്യാപകർ വമ്പിച്ച കൂട്ടധർണ്ണ നടത്തി.

ചിന്നക്കട ടി. ബി. പരിസരത്തു നിന്നും ജാഥയായിട്ടാണ് അധ്യാപകർ ട്രസ്ററാഫീസ് പടിക്കലെത്തിയത്. ഇരുന്നൂറോളം പേർ ധർണ്ണയിൽ പങ്കെടുത്തു. സംഘടനാപ്രസിഡൻറ് പ്രൊഫ. പി. രവീന്ദ്രനാഥ് ധർണ്ണ ഉദ്ഘാടനം ചെയ്തു. മാനേജുമെൻറുകളുടെ അധ്യാപകദ്രോഹനയം അവസാനിപ്പിക്കുന്നതിനായുള്ള സമരം അതിശക്തമായിത്തന്നെ സംഘടന തുടരുമെന്ന് പ്രസിഡൻറ് പറഞ്ഞു. എസ്. എൻ. കോളേജധ്യാപകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ വിശദീകരിച്ചുകൊണ്ട് കേരളയൂണിവേഴ്സിററി സിൻഡിക്കേററംഗം പ്രൊഫ. ടി. ഗോപാലകൃഷ്ണൻ പ്രസംഗിച്ചു.

ജനറൽ സെക്രട്ടറി പ്രൊഫ. എൻ. എം. ജോസഫ്, വൈസ് പ്രസിഡൻറുമാരായ പ്രൊഫ. നന്ദിയോട് രാമചന്ദ്രൻ, പ്രൊഫ. നാരായണൻകുട്ടി സെക്രട്ടറിമാരായ പ്രൊഫ. ആർ. രവീന്ദ്രൻനായർ, പ്രൊഫ. കെ. ചിണ്ടൻകുട്ടി ട്രഷറർ പ്രൊഫ. എൻ. ഭാർഗവൻ എന്നിവരും ധർണ്ണയെ അഭിസംബോധനചെയ്തു. എസ്. എൻ. കോളേജ് ടീച്ചേർസ് കോ-ഓർഡിനേഷൻ കൗൺസിൽ പ്രസിഡൻറ് ഡോ. സുന്ദരേശൻ ധർണ്ണയിൽ പങ്കെടുത്തവർക്ക് സ്വാഗതം പറഞ്ഞു. സെക്രട്ടറി പ്രൊഫസർ എൻ. ശിവരാജൻ നന്ദിരേഖപ്പെടുത്തി.

എസ്. എൻ. കോളേജധ്യാപകർ നേരിടുന്ന പ്രശ്നങ്ങൾക്ക് ഉടൻ പരിഹാരമുണ്ടാക്കണമെന്നാവശ്യപ്പെടുന്ന മെമ്മോറാണ്ടം സംഘടനാ പ്രതിനിധികൾ മാനേജുമെൻറിനു നൽകി.

# യു. ജി. സി. നിർദ്ദേശിയ്ക്കുന്ന പുതിയ പരീക്ഷാരീതി

പുതിയ പരീക്ഷാരീതിക്ക് മൂന്നു പ്രധാന ഘടകങ്ങളായിരിക്കും ഉണ്ടാവുക.

ഓരോ വിദ്യാർഥിയുടെയും മൗലികമായ കഴിവ് കണ്ടെത്താനുതകും വിധം അധ്യയനവർഷത്തിൽ പല ഘട്ടങ്ങളിലായി മൂല്യനിർണയം നടത്തുന്നരീതി (ഇൻേറണൽ അസസ്മെൻറ്) നിലവിലുളള പൊതുപരീക്ഷാരീതി (എക്സ്റേറണൽ എക്സാമിനേഷൻ) ക്ക് പകരം വെക്കുക എന്നതാണ് അവയിൽ പ്രധാനപ്പെട്ട ഘടകം.

ചോദ്യബാങ്കുകളുടെ ഒരു ശ്റംഖല തന്നെ സൃഷ്ടിക്കുക എന്നതാണ് മറെറാരു ഘടകം. മാർക്ക് നൽകുന്ന രീതി ഉപേക്ഷിച്ച് ഗ്രേഡ്സമ്പ്രദായം ആവിഷ്കരിക്കുക എന്നതാണ് മൂന്നാമത്തെ ഘടകം.

നാല്പത്തിയൊന്ന് സർവകലാശാലകൾ ഇതിനകം തന്നെ ഒരു പരീക്ഷണ മെന്ന നിലയിൽ പുതിയ രീതി ഏർപ്പെടുത്തിക്കഴിഞ്ഞുവത്രെ.

പരീക്ഷാ ക്രമക്കേടുകൾ ദുരീകരിക്കാൻ ഈ സമ്പ്രദായം ഫലപ്രദമാകും എന്നാണ് യു ജി സി കരുതുന്നത്. ഇപ്പോൾ ചോദ്യങ്ങൾ നിശ്ചയിക്കുന്ന ബോർഡിലെ അംഗങ്ങൾ പലപ്പോഴും അതാത് വിഷയങ്ങളിൽ പ്രാഗല്ഭ്യമുളളവരല്ല. മിക്കപ്പോഴും പഠിപ്പിക്കുന്ന വിഷയവും വ്യത്യസ്തങ്ങൾ ആകാറുണ്ട്. സ്വാഭാവികമായും അങ്ങനെയുളള അധ്യാപകരടങ്ങിയ ബോർഡ് തയ്യാറാക്കുന്ന ചോദ്യാവലി ഉദ്ദേശിക്കുന്ന ഫലം ചെയ്യില്ല. പരീക്ഷാ നടത്തിപ്പിൽത്തന്നെ അധ്യാപകർക്ക് പങ്കാളിത്തം കുറയുകയും ചെയ്യുന്നു.

ചോദ്യബേങ്കുകൾ സ്ഥാപിക്കുന്നതിലൂടെ ഈ പ്രശ്നങ്ങൾ പരിഹരിക്കപ്പെടും. ചോദ്യബാങ്കിൽ അതാത് വിഷയങ്ങളിൽ പ്രഗല്ഭരായ അധ്യാപകർക്ക് പങ്കാളിത്തമുണ്ടാകും. വിദ്യാർഥികളുടെ യഥാർഥ പ്രശ്നങ്ങൾ അറിയുന്ന ആധ്യാപകർക്ക് വിദ്യാർഥികളുടെ കഴിവ് വിലയിരുത്താൻ ഇത് സന്ദർഭമുണ്ടാക്കും.

വിദ്യാർഥികളോടുകൂടി ആലോചിച്ചായിരിക്കും സിലബസ് തയ്യാറാക്കുക. ചോദ്യങ്ങൾ ചോർന്ന് പോകുന്നത് തടയാൻ ചോദ്യബാങ്ക്സമ്പ്രദായത്തിന് കഴിയുമെന്ന് യു ജി സി കരുതുന്നു.

59 മാർക്ക് നേടുന്ന വിദ്യാർഥിക്ക് അപകർഷവും 60 മാർക്ക് നേടുന്ന വിദ്യാർഥിക്ക് ഉൽക്കർഷവുമുണ്ടാക്കുന്ന മാർക്ക് സമ്പ്രദായം വിദ്യാർഥിയുടെ യഥാർഥ വിജ്ഞാന നിലവാരവ്യത്യാസങ്ങളെ സൂചിപ്പിക്കുന്നില്ല എന്ന് യു ജി സി കരുതുന്നു. യഥാർഥത്തിൽ 59ഉം 60 ഉം മാർക്ക് നേടുന്ന കുട്ടികൾ ഒരേ നിലവാരത്തിലുളളവരാണ്. അതുകൊണ്ടുതന്നെ ഇവരെ ഒരേതലത്തിൽ കാണേണ്ടതുമുണ്ട്. അതുകൊണ്ടാണ് മാർക്ക് സമ്പ്രദായം മാററി ഗ്രേഡ്സമ്പ്രദായം ആവിഷ്കരിക്കുന്നത് ഗ്രേഡ്സമ്പ്രദായം കൊണ്ട് നിലവാരവ്യത്യാസങ്ങൾ വ്യവഛേദിച്ച് അറിയാൻ കഴിയുമെന്ന് യു ജി സി കരുതുന്നു.

പൂർണമായൊ ഭാഗികമായൊ 25 സർവകലാശാലകൾ ഗ്രേഡ് സമ്പ്രദായം ആവിഷ്കരിച്ചുകഴിഞ്ഞിട്ടുണ്ടത്രെ. ഇൻേറണൽ അസസ്മെൻറും ഗ്രേഡ്സമ്പ്രദായവും പൂർണമായും ഏർപ്പെടുത്തിയിട്ടുളള സ്ഥാപനം ജവഹർലാൽനെഹറു യൂണിവേഴ്സിററിയാണ്.

പുതിയ രീതികളുടെ പ്രയോഗക്ഷമത പരിശോധിക്കാൻ ഒരു സമിതി യു ജി സി രൂപീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വിദഗ്ധരടങ്ങിയതാണ് ഈ സമിതി. ഏതെങ്കിലും യൂണിവേഴ്സിററിക്ക് പുതിയ സമ്പ്രദായം ഏർപെടുത്തുന്നത് ബുദ്ധിമുട്ടായി തോന്നിയാലുടൻ ഈ സമിതി സഹായത്തിനെത്തും.

# എ. കെ. പി. സി. ടി. എ. വനിതാവിഭാഗം രൂപീകരിച്ചു

**"ഏറെക്കാലമായി എ.കെ.പി.സി.ടി. എ നടത്തിവന്ന പോരാട്ടത്തിൻെറ ഫലമായി അധ്യാപകർക്ക് നിർഭയമായി ജോലി ചെയ്യാനുള്ള സാഹചര്യം ഇന്നുണ്ട്. പക്ഷേ നമ്മുടെ വനിതാ കോളേജുകളിലെ അധ്യാപികമാരുടെ സ്ഥിതി എന്താണ്? അവരിന്നും മാനേജുമെൻറിൻെറ അടിമകൾതന്നെ. നിയമദത്തമായ അവകാശങ്ങളെക്കുറിച്ചുപോലും അവരറിയുന്നില്ല. ഇത്തരം സാഹചര്യങ്ങൾ മാററിയെടുക്കേണ്ടതുണ്ട്." എ. കെ. പി. സി. ടി. എ. വനിതാവിഭാഗത്തിൻെറ പ്രസക്തി വിശദീകരിച്ചുകൊണ്ട് കോഴിക്കോട് യൂണിവേഴ്സിററി സിൻഡിക്കേററംഗം പ്രൊഫ. വി. നാരായണൻകുട്ടി പറഞ്ഞു.**

ഫെബ്രുവരി 28ന് എറണാകുളം മഹാരാജാസ് കോളേജിൽക്കൂടിയ വനിതാ പ്രവർത്തകയോഗം സംഘടനാ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനുള്ള നിരവധി നിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. പ്രസിഡൻറ് പ്രൊഫ. പി. രവീന്ദ്രനാഥ് അധ്യക്ഷത വഹിച്ചു. പ്രവർത്തകയോഗത്തിൽ പങ്കെടുക്കാനെത്തിയ അധ്യാപികമാർക്ക് ജനറൽ സെക്രട്ടറി പ്രൊഫ. എൻ. എം. ജോസഫ് സ്വാഗതം പറഞ്ഞു. പ്രൈവററ് കോളേജധ്യാപകരംഗത്ത് പകുതിയോളംപേർ ഇന്നും അസംഘടിതരാണ്. അവരിൽകൂടുതൽ പേരും വനിതകളും. ഈ രംഗത്തെ ഏററവും വലിയ സംഘടനയാണ് എ. കെ. പി. സി. ടി എ. എങ്കിലും പകുതിയിലധികംപേരും അസംഘടിതരായി നിൽക്കുന്നുവെന്ന യാഥാർഥ്യം നമ്മൾ കാണേണ്ടതുണ്ടെന്ന് പ്രസിഡൻറ് പറഞ്ഞു. വനിതാകോളേജുകളിൽ സംഘടനാപ്രവർത്തനം ശക്തമല്ല അതുകൊണ്ടുതന്നെ അധ്യാപികമാർക്ക് ഏറെ പ്രശ്നങ്ങളുണ്ടാകുന്നു. അവകാശബോധത്തോടെ അധ്യാപികമാർ ഉണർന്നു പ്രവർത്തിക്കേണ്ടതുണ്ട്. വനിതകളെന്നനിലയിൽ പ്രത്യേക പ്രശ്നങ്ങളെ നേരിടേണ്ടതുമുണ്ട്. കോളേജിൽ പഠിപ്പിക്കുക, വീട്ടുപണികളും ഉത്തരവാദിത്വങ്ങളും നിറവേററുക എന്നിങ്ങനെ എല്ലാത്തരം ചുമതലകളും സ്ത്രീയുടെ ചുമലിൽ ഇന്നു വന്നുവീഴുന്നു. ഇത് യഥാർഥത്തിൽ സമൂഹത്തിൽ നിലനിൽക്കുന്ന പുരുഷമേധാവിത്വവുമായി ബന്ധപ്പെട്ടുവരുന്നതാണ്. സംഘടിതരായി നിന്ന് ഇതിനെതിരെ ശബ്ദമുയർത്തേണ്ടതുണ്ടെന്ന് പ്രസിഡൻറ് പറഞ്ഞു.

അധ്യാപികമാർ ഇന്നു നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ അവർതന്നെ സംഘടിച്ചേമതിയാകൂ എന്ന് വനിതാവിഭാഗത്തിൻെറ ആവശ്യകത വിശദീകരിച്ചുകൊണ്ട് പ്രൊഫ. വി. നാരായണൻകുട്ടി അഭിപ്രായപ്പെട്ടു. അധ്യാപികമാരുടെ എണ്ണം കൂടിവരുന്നകാലമാണിത്. ഫലപ്രദമായ പ്രവർത്തനം ഈ രംഗത്തു നടക്കണമെന്നതുകൊണ്ടാണ് വനിതാവിഭാഗമുണ്ടാക്കണമെന്ന് സംഘടന അഗ്രഹിച്ചത്. ഉന്നുള്ള നിയമദത്തമായ അവകാശ

ങ്ങൾപോലും അനുഭവിക്കാൻ കഴിയാതെ നിശബ്ദമായി മാനേജുമെൻറുകളുടെ ദ്രോഹം അനുഭവിച്ചുകഴിയുകയാണ് അധ്യാപികമാർ. നിയമങ്ങൾ നിയമപുസ്തകങ്ങളിൽ നിലനിൽക്കുന്നതുകൊണ്ടു മാത്രമായില്ല. അത് അനുഭവവേദ്യമാകണം. അതിനാകട്ടെ സംഘടിതശക്തിതന്നെ ഉണ്ടാകണം.

വനിതാകോളേജുകളിൽ പലതിലും ഇന്നുള്ള സ്ഥിതി ദയനീയമാണ് പല വനിതാകോളേജുകളും പ്രത്യേക നിയമങ്ങൾതന്നെ അധ്യാപികമാരെ ബന്ധിച്ചിടാൻ സൃഷ്ടിച്ചിട്ടുണ്ട്. കോഴിക്കോട് സി. എം. സി. മാനേജുമെൻറുതന്നെ നല്ല ഉദാഹരണം അവർ എഴുതിയുണ്ടാക്കിയിട്ടുള്ള നിയമത്തിൽ പറയുന്നത് ഒരു 'അവധി'യും അധ്യാപികമാർക്ക് അവകാശപ്പെടാവുന്നതായി ഇല്ലെന്നാണ്. അധ്യാപികാമരുടെ ലഭ്യേത അനുസരിച്ചേ അവധി അനുവദിക്കൂ എന്ന് എഴുതി വച്ചിട്ടുണ്ട്. ചിലനിയമങ്ങൾ നോക്കുക. ക്ലാസ്സു തുടങ്ങുന്നതിന് അരമണിക്കൂർ മുമ്പ് കോളേജിൽവരണം. കോളേജുകഴിഞ്ഞാൽ പത്തുമിനിട്ടിനുശേഷമേ പോകാവൂ. ആർക്കും രാഷ്ട്രീയം പാടില്ല. ഇങ്ങനെ പോകുന്നു വിചിത്രമായ നിയമങ്ങൾ. അവിടത്തെ അധ്യാപികമാർ ഈ നിയമങ്ങളുടെ വലയിൽ ഏറെ നാളായി ബന്ധിതരായി കിടക്കുകയാണ്. ഇവിടെയാണ് സംഘടനയുടെയും സമരങ്ങളുടേയും ആവശ്യകത പൊന്തിവരിക. ഒരു വനിതാകോളേജിന്റെ മാത്രം പ്രശ്നമല്ല ഇത്. വിമലാകോളേജിൽ പ്രൊഫസറുടെ വേക്കൻസിയിലേക്ക് ജൂനിയർ ലക്ചറെ നിയമിക്കാൻ അവർ യൂണിവേഴ്സിററിയോട് അനുവാദം ചോദിച്ചിരിക്കുന്നു. (പ്രൊമോഷൻ കിട്ടേണ്ടവർക്ക് പരാതിപ്പെടാൻ കഴിയുന്നില്ല!) മെഴ്സി കോളേജിൽ എം. പാർവതി എന്നൊരധ്യാപികയുടെ സർവീസ് ഏഴുപ്രാവശ്യം ടെർമിനേററു ചെയ്തു. ആഡിറേറാറിയം ഫണ്ടുപിരിവിന് വിസമ്മതിച്ചു എന്നതാണ് കാരണം. 360 ദിവസം ജോലി ചെയ്തുകഴിഞ്ഞാൽ കൺഫർമേഷൻ നൽകണം എന്നാണ് നിയമം. ഈ അധ്യാപികയുടെ കാര്യത്തിൽ ഇത് പാലിക്കപ്പെടുന്നില്ല. ഇത്തരം അനീതികൾ അപ്പോൾതന്നെ എതിർത്തുതോൽപ്പിക്കേണ്ടതുണ്ട്.

മാനേജുമെൻറുകൾ നടത്തുന്ന വ്യാപകമായ അഴിമതിക്കെതിരേ അധ്യാപകർ നടത്തുന്ന പോരാട്ടം വനിതാകോളേജുകളിൽ നടക്കാറില്ല. എന്നാൽ ഏററവുമധികം അഴിമതികൾ നടക്കുന്നതു വനിതാകോളേജുകളിലാണുതാനും. പല വനിതാകോളേജ് കാമ്പൗണ്ടിലും പാരലൽ കോളേജ്കൾ നടക്കുന്നുണ്ട്. (വിമല, മേഴ്സി തുടങ്ങിയ കോളേജുകൾ ഉദാഹരണം.) അധ്യാപികമാരെ ചൂഷണം ചെയ്താണ് പലേടത്തും ക്ലാസുകൾ നടത്തുന്നത്. കോഴ്സ് കിട്ടിയാൽ മതി, സ്ററാഫ് വേണമെന്നില്ലന്നാണ് പല മാനേജുമെൻറുകളുടെയും നിലപാട്. എത്രമണിക്കൂർ വേണമെങ്കിലും അധ്യാപികമാരെക്കൊണ്ട് അവർ ക്ലാസെടുപ്പിക്കുന്നു. നിയമനം, അഡ്മിഷൻ എന്നീ രംഗങ്ങളിലെ അഴിമതികളും ഏറെയാണ് കൃത്രിമമായി ആപ്ലിക്കേഷൻ ഫോം ഉണ്ടാക്കി ഇല്ലാത്തകുട്ടികളെ കൂടുതൽ മാർക്കുള്ളവരാക്കി കാണിച്ച്, അർഹരായ കുട്ടികൾക്ക് അഡ്മിഷൻ നൽകാതിരിക്കുന്ന അത്യന്താധുനിക വേലയാണ് സി. എം. സി. മാനേജുമെൻറു നടത്തുന്നത്. ഇതൊക്കെ സഹിച്ച് നോക്കിനിൽക്കേണ്ട ഗതികേടിൽനിന്നും, ഇതിനെ ഒക്കെ ചോദ്യം ചെയ്യുന്ന അവസ്ഥയിലേക്ക് അധ്യാപികമാർ വളരണം. സ്വതന്ത്രമാതി പെരുമാറാനും ജീവിക്കാനുമുള്ള സാഹചര്യത്തിനുവേണ്ടി നമ്മൾതന്നെ പോരാടണം. നമ്മൾ ജോലിചെയ്യുന്ന സ്ഥാപനത്തിൽ, നമ്മുടെ കൺമുമ്പിൽ നടക്കുന്ന അഴിമതികൾക്കെതിരേ നമ്മളല്ലാതെ മററാരാണ് പോരാടുക? ഈ പോരാട്ടം അധ്യാപികമാർ നേരത്തേതന്നെ തുടങ്ങേണ്ടതായിരുന്നു. ഇപ്പോഴെങ്കിലും തുടങ്ങാൻ കഴിഞ്ഞത് നല്ലതുതന്നെ എന്നും പ്രൊഫസർ നാരായണൻകുട്ടി പറഞ്ഞു.

(പ്രവർത്തനത്തിനായി പ്രൊഫ. നാരായണൻകുട്ടി അവതരിപ്പിച്ച മാർഗനിർദ്ദേശങ്ങൾ പൊതുവേ സ്വാഗതം ചെയ്യപ്പെട്ടു. അ

(ശേഷം 14-ാം പേജിൽ)

# AKPCTA Memorandum To The Government of Kerala.

Sub : Long-standing demands of the College Teachers in Kerala-delay in sanctioning the benefits promised by the Government-regarding

Ref : 1. Various representations and memoranda submitted to the Government by the Action Council of College Teachers' Associations and the AKPCTA.

2. Minutes of the discussion held by the then Education Minister (and C. M.) with the representatives of the College Teachers' Associations on 16-1-1981, 2-2-1981, 11-2-1981 and 15-2-1981.

3. Government letter No. 1233/D2 81/H.Edn., dt. 1 3-81 from the Special Secretary to Government, Higher Education, addressed to the Chairman, Action Council of College Teachers' Associations.

Sir,

Referring to the above, we would submit the following for your immediate codsideration and favourable orders.

The Government is aware, the indefinite strike launched by the College Teachers' in the state on 4-2-1981 to get their long-standing demands conceded by the Government, was called off in view of the assurances given by the Government and the decisions taken by the Government on the teachers' demand (contained in the Govt. Letter 3rd cited.) We hoped, the Government would sincerely try to sanction the benefits promised by them within a reasonable period of time-any way within a period of six months from 1-3-1981. It is quite disheartening that the Government have not yet taken any concrete action for making the promised benefits available to the teachers. The major demands which the teachers have been raising since 1973, still remain unconceded. Even things which could have been very easily done are not done by the Government in spite of the fact that they promised to issue the necessary orders "Shortly". The Higher Education Department of the Government is well aware of all these. We would, therefore, request you to consider the entire matter as expeditiously as possible considering the fact that the "Six month time" the Government required for issuing final orders relating to many of our demands lapsed already. It is now nearly a year since the 'Government took their decisions on the teachers' demands.

In this connection, we would point out that based on the Government decision on our demand for evolving norms to govern the transfers of teachers in colleges under corporate managements a conference of the representatives of private managements and teachers' organisations was convened by the last Education Minister. The discussion on the question of evolving the norms was

inconclusive and hence no definite norms were evolved then. (Vide Minutes of the discussion held by the Minister (Education) at 12.00 noon on 5-9-1981) But it was decided then, that separate discussions would be held with the N. S. S. Management and the Teachers' Organisations and with S. N. Management and the Teachers' Organisations to sort out the problems relating to the transfers and to evolve definite norms. It is a matter of grave concern that no follow up action has since been taken on this by the Government. What is disheartening is that since the time the Government announced their decision on our demand for evolving transfer norms, the Corporate Managements, more particularly the N. S. S. Management, have turned more vindictive and have been very frequently using the weapon of transfer to deliberately inconvenience the active workers of the Association for their participation in Association activities. Every week, through out the whole year, transfer list comes. The family life of certain teachers has now been completely dislocated by the Management. The A K P C T A, having considered this serious problem, decided to stage mass protest Dharnas before the offices of the N.S.S. and S N Managements with a view to bringing home to the authorities the seriousness of the problem confronted by the teachers. The Dharna before the N.S S. Head Quarters was fixed for 23-1-1982. The decision was to stage the Dharna in front of the Head Quarters, on the Public Road. The N.S.S Management, having taken the decision to "face the teachers" organised goondas to "handle" the teachers reaching Changanacherry to stage the Dharna. And they "handled" the teachers quite brutally and in a manner quite uncivilised. The N. S. S. Goondas also hurled abuses at the teachers. The attitude of the police there was quite partial. The teachers who staged Dharna were arrested and taken to the police station for no valid reason. Now the situation is: the aggrieved teachers are denied even the opportunity to openly give expression to their feelings of protest. We would request you to view this matter very seriously and take appropriate action for redressing the grievance of the teachers affected by indiscriminate transfers.

The following points relating to some of our other demands are also placed for your consideration.

Consequent on the introduction of the shift system (at Pre-Degree level) during 1979-80a number of teaching posts arose in the colleges where shift system was introduced and necessary appointments were made by the concerned managements. The teachers appointed are now continuing in service. During this year also shift batches have been started in new colleges. Also, new junior colleges have been started in the state this year. We fear that consequent on the starting of new colleges this year, student admissions in the other colleges in the years to come would fall. And this is likely to necessitate the reduction in the number of shift batches. The result would be, fall in work load and in the number of teaching posts. We would, therefore, request you to take this into consideration and take such appropriate action as will enable the teachers in service to continue in service with full protection in the same institution.

At present there is no Government scheme under which the teachers of private colleges can get housing loan from theGovernment. Though some provision is said to have been made in the state budget for the year 1981-82 for instituting such a scheme, no effective step has been taken by the Government to enable the teachers to avail of the loan facility. We request you to pay special attention to this equest of ours.

Again at present there is no scheme thereby the teachers of private colleges are reimbursed for the medical expenses incurred by them. This may please be looked into and early action taken.

Also, the teachers are put to great hardships and difficulties because of the inordinate delay now caused in the three offices of the Dy. Directors of Collegiate Education in passing monthly salary bills, supplementary bills, arear bills, etc., for payment, and in sanctioning P.F. loans. The teacher are being unnecessarily harassed particularly by the office of the Dy. Director of Collegiate Education, Quilon which very often turns hostile towards the colleges which complain of the delay. Also, the teachers of private colleges coming under the different zonal offices are put to different types of difficulties chiefly because of the fact that the procedures relating to the passing of bills for payment etc adopted by the different zonal offices are different. We have for long been requesting the authorities to convene a conference of the 3 Dy. Directors and representatives of the private college teachers' organisations to consider the question of unifying the procedures and thereby save theteachers from the avoidabie difficulties. Necesary instructions may please be given to the Department concerned.

It has also come to our notice the office of the Dy Director of Collegiate Education, Quilon is arbitrarily denying the first vacation salary of the Jr. Lecturers appointed temporarily against leave vacancies, the duration of which exceeds 8 months. It may here be pointed out that the offices of the Dy. Directors of Collegiate Education, North and Central Zones have been admitting the claims of salary for vacation months in respect of the teachers appointed against temporary leave vacancies and whose services are not terminated on the 31st of March- considering not their lengh of service as on 31st March - but the duration of the vacancies against which they are appointed The two offices have been doing as above, in the case of both the teachers who were appointed before the commencement of the 1979 first statutes and after the commencement of the statutes. In the 1979 First statutes there are sufficiently clear provisions relating to the eligibility of the teachers appointed against temporary leave vacancies (the duration of which exceeds 8 months) for vacation salary. The provisions are applicable also to the teachers who were in service on the date of commencement of the First Statutes, 1979. As such, the action of the Quilon Dy. D. C. E. Office is clearly arbitrary and is contrary to the provisions in the statutes. This may please be taken up with the concerned Head of the Department with a view to redressing the ganuine grievance of the teachers.

The teacherars working in colleges under unitary managements have the very genuine complaint that at present there

are no provisions in the university laws to facilitate the Inter-Management transfer of teachers. We would, therefore, request the Government to bring forward such legislation/issue such executive orders as will facilitate the Inter Management transfer of teachers.

We would also request you to convene a conference of the representatives of the Teachers' Organisations to facilitate a detailed discussion on our demands.

Thanking you,

Yoursfaithfully

Prot. P. RAVINDRANATH, President
A K P C T A.

Prof. N.M. JOSEPH,
General Secretary, A K P C T A

Copy to: 1. The Special Secretary to Govt. Higher Education, Government of Kerala.
2. The Director of Collegiate Education, Trivandrum.
3. The Dy. D. C. E., Quilon/ Trippunithura/Calicut.

Trivandrum
18-2-82

---

(10-ം പേജിൻെറ തുടർച്ച)

തിൻമേൽ നടന്ന ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പല അധ്യാപികമാരും കോളേജുകളിലെ ബുദ്ധിമുട്ടുകരം വിവരിച്ചു സംഘടനാപ്രവർത്തനം നടത്തുന്നത് എന്തോ കുറവായികാണുന്ന രീതിയെക്കുറിച്ചും പരാമർശമുണ്ടായി. സംഘടിതരെന്നബോധം ഉണ്ടാവുകയും അതനുസരിച്ചുള്ള പ്രവർത്തനങ്ങരം തുടരുകയും ചെയ്യുമ്പോരം എല്ലാ ബുദ്ധിമുട്ടുകളും മാറിക്കിട്ടുമെന്ന നിർദേശമാണ് ഉയർന്നുവന്നത്.

പ്രൊഫ. എൻ. സുമം—കൺവീനർ
പ്രൊഫ. എം. മീര —ജോ.കൺവീനർ

മഹിളാ വിഭാഗത്തിൻെറ പ്രവർത്തനത്തിനായി ചെമ്പഴന്തി കോളേജ് പ്രൊഫസർ എൻ. സുമം കൺവീനറും പയ്യന്നൂർ കോളേജ് പ്രൊഫസർ എം. മീര ജോയിൻറ് കൺവീനറുമായി ഒരു താൽക്കാലികകമ്മിററി രൂപീകരിച്ചു. എല്ലാ ജില്ലകളിലേയും പ്രതിനിധികികരം ഈ കമ്മററിയിലുണ്ട്. ജില്ലകളിൽ താമസിയാതെ വിപുലമായ യോഗങ്ങരം കൂടുന്നതാണ്

## പ്രമേയങ്ങൾ

യോഗം താഴെപ്പറയുന്ന പ്രമേയങ്ങരം പാസാക്കി.

1. താമസസൗകര്യമില്ലാത്ത കോളേജുകളിൽ ജോലിചെയ്യുന്ന അധ്യാപികമാർക്ക് ക്വാർട്ടേഴ്സ് പണിയുന്നതിന് അടിയന്തിര നടപടികരം സ്വീകരിക്കുക.

2. പ്രസവകാലാവധി അഞ്ചുമാസമായി വർദ്ധിപ്പിക്കുക.

3. പ്രസവസംരക്ഷണത്തിനായി ഒരു മാസത്തെ ശമ്പളത്തിനു തുല്യമായ തുക അനുവദിക്കുക.

4. ഭാര്യാഭർത്താക്കൻമാർക്ക് ഒരേ സ്ഥലത്തു ജോലിനോക്കാനുള്ള സൗകര്യം ഉണ്ടാക്കുക. വ്യത്യസ്ഥ മേഖലകളിൽ ആണെങ്കിൽപ്പോലും ഈ കാര്യം നടപ്പിലാക്കാനുള്ള അടിയന്തിര നടപടികരം എടുക്കുക.

5. ഓരോ കോളേജിനോടും അനുബന്ധിച്ച് നഴ്സറി സ്ക്കൂളുകളും ശിശുവിഹാരകേന്ദ്രങ്ങളും സ്ഥാപിക്കുക.

# കുന്ദംകുളം കോളേജ് പ്രിൻസിപ്പൽ നിയമനത്തിലെ അഴിമതി

പ്രൊഫ. ടി. വി. ജയിംസ്
സെക്രട്ടറി, എ. കെ. പി. സി. ടി. എ. തൃശ്ശൂർ ജില്ല

കൊച്ചി ദേവസ്വം ബോർഡ്, അവർക്ക് കുന്ദംകുളത്തനുവദിച്ചു കിട്ടിയ ശ്രീ. വിവേകാനന്ദാ കോളേജിലെ പ്രിൻസിപ്പലായി ബോർഡിന്റെ കീഴിലുള്ള ശ്രീ. കേരളവർമ്മ കോളേജിലെ അധ്യാപകരുടെ സീനിയോററിററി മറി കടന്നു കൊണ്ട് പ്രസ്തുത കോളേജിലെ 6 വർഷം മാത്രം സർവീസുള്ള ശ്രീ. കെ. പി. മുകുന്ദനെ നിയമിച്ചു. മാനേജുമെന്റിന്റെ ഈ നടപടിക്കെതിരെ എ. കെ. പി. സി. ടി. എ പ്രക്ഷോഭ രംഗത്താണ്. ഈ നിയമനം തിരുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് സംഘടന മാനേജുമെന്റിനു നിവേദനം സമർപ്പിച്ചപ്പോൾ പ്രശ്നം പുനഃപരിശോധിക്കാമെന്ന് അവർ സമ്മതിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ സ്ഥാനം ഏറെറടുക്കാൻ സന്നദ്ധരാണോ എന്ന് കേരളവർമ്മ കോളേജിലെ അധ്യാപകരോട് മാനേജുമെന്റ് ആരായുകയും 8 അധ്യാപകർ രേഖാമൂലം സന്നദ്ധത അറിയിക്കുകയും ചെയ്തു. എന്നാൽ അവരിൽ ഏററവും സർവീസ് കുറവുള്ള ശ്രീ. മുകുന്ദനെത്തന്നെ വീണ്ടും നിയമിക്കുകയാണ് മാനേജ്മെന്റ് ചെയ്തത്. അധ്യാപകരെ ആകെ അവഹേളിക്കുന്നതായിരുന്നു മാനേജ്മെന്റിന്റെ ഈ നടപടി.

സംഘടന ഏറെക്കാലം സമരം ചെയ്തു നേടിയെടുത്ത സീനിയോറിററിതത്ത്വങ്ങളെ കാററിൽപ്പറത്തുന്ന മാനേജ്മെന്റിന്റെ നയത്തിനെതിരേ പൊരുതാനുള്ള തീരുമാനം തൃശ്ശൂരിൽ ഇതു സംബന്ധമായി കൂടിയ യോഗം എടുക്കുകയുണ്ടായി. ഒരു സമരസമിതി രൂപീകരിച്ചാണ് പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടു പോകുന്നത്. യൂണിവേഴ്സിററിയേയും ഗവൺമെന്റിനേയും കോടതിയേയും സമീപിച്ച് നീതി നടത്തിയെടുക്കാനാണ് സമരസമിതി തീരുമാനം. സീനിയോറിററിതത്ത്വങ്ങളെ മറി കടന്നുള്ള ഈ പ്രിൻസിപ്പൽ നിയമത്തിന് അവിഹിത മാർഗങ്ങളിലൂടെ അപ്രൂവൽ നേടിയെടുക്കാനുള്ള ശ്രമം നടന്നുവെങ്കിലും യൂണിവേഴ്സിററി സിൻഡിക്കേററിലെ സംഘടനാ പ്രതിനിധികളുടെ ജാഗ്രതകൊണ്ട് അതു പരാജയപ്പെടുത്താൻ കഴിഞ്ഞു. 19–2–'81ലെ സിൻഡിക്കേററ് യോഗം ഈ നിയമനത്തിന് അപ്രൂവൽ കൊടുക്കാതെ തള്ളിക്കളഞ്ഞു. എന്നാൽ സിൻഡിക്കേററിന്റെ ഈ തീരുമാനത്തിനെതിരേ ശ്രീ. മുകുന്ദൻ കോടതിയെ സമീപിച്ചിരിക്കയാണ്. അവിടെയും നീതി നടത്തിയെടുക്കാനുള്ള തീവ്രശ്രമത്തിൽ സമരസമിതി ഏർപ്പെട്ടിരിക്കയാണ്. ഇതിനിടെ ശ്രീ. മുകുന്ദൻ മാനേജ്മെന്റിൽ സ്വാധീനം ചെലുത്തി യൂണിവേർസിററിയ്ക്ക് ഒരു റിവ്യൂപെററീഷൻ അയച്ചെങ്കിലും വൈസ്ചാൻസ്ലർ അതു തള്ളിക്കളഞ്ഞു.

സീനിയോറിററിതത്ത്വങ്ങൾ സ്ഥാപിച്ചു കിട്ടുന്നതിനു വേണ്ടി സംഘടന നടത്തുന്ന പരിശ്രമത്തിന് എല്ലാവരുടേയും പിൻതുണയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. □

# ഡെപ്യൂട്ടി ഡയറക്ടറുമായി ചർച്ച

കൊല്ലം ഡെപ്യൂട്ടി ഡയറക്ടറുടെ അധികാരപരിധിയിൽപെട്ട കോളേജുകളിലെ അധ്യാപകരുടെ ശമ്പളം, കുടിശ്ശിക, പ്രോവിഡൻറ് ഫണ്ട് ലോൺ തുടങ്ങിയവകളുടെ ബില്ലുകൾ പാസ്സാക്കുന്നതിൽ ഇന്നുണ്ടാകുന്ന കാലതാമസത്തെപ്പററി ഡെപ്യൂട്ടി ഡയറക്ടറുമായി എ. കെ. പി. സി. ടി. എ. ഭാരവാഹികൾ വിശദമായി ചർച്ചനടത്തി. അധ്യാപക--അനധ്യാപകരുടെ 450ൽ അധികം ബില്ലുകൾ കുടിശ്ശിക കിടക്കുന്നുണ്ട്. വേണ്ടത്ര സ്ററാഫില്ലാത്തതാണ് കാരണമെന്ന് ഡെപ്യൂട്ടി ഡയറക്ടർ പറയുന്നു. പ്രോവിഡൻറ് ഫണ്ട് സെക്ഷനിൽ കഴിഞ്ഞ 6 മാസമായി സ്ററാഫില്ലാത്തതുകൊകൊണ്ട് കാര്യമായ ജോലിയെന്നും നടന്നിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. ബില്ലുകൾ പാസ്സാക്കുന്നതിന് തടസ്സമായി ഉന്നയിയ്ക്കുന്ന സാങ്കേതികവും താരതമ്യേന നിസ്സാരവുമായ കാര്യങ്ങൾ ഒഴിവാക്കണമെന്ന് സംഘടനാപ്രതിനിധികളുടെ ആവശ്യം ഉടൻതന്നെ നടപ്പിലാക്കാമെന്ന് ഡെപ്യൂട്ടി ഡയറക്ടർ പറഞ്ഞു. കൊല്ലം ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം, കോളേജിയേററ് ഡയറക്ടർക്കും സർക്കാരിനും എ. കെ. പി. സി. ടി. എ. നൽകിയിട്ടുണ്ട്. ചർച്ചയിൽ സംഘടനയുടെ സംസ്ഥാന പ്രസിഡൻറ് പ്രൊഫ. പി. രവീന്ദ്രനാഥ്, സിൻഡിക്കേററ് മെമ്പർ പ്രൊഫ. ടി. ഗോപാലകൃഷ്ണൻ ജനറൽസെക്രട്ടറി പ്രൊഫ. എൻ. എം. ജോസഫ്, സെക്രട്ടറി പ്രൊഫ. ആർ. രവീന്ദ്രൻ നായർ എന്നിവർ പങ്കെടുത്തു. □

## ജേർണൽ അറിയിപ്പ്

ജേർണൽ വരിസംഖ്യ പുതുക്കാത്തവർ എത്രയും പെട്ടെന്നുതന്നെ വരിസംഖ്യ അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു. വിവരങ്ങൾക്ക് എഴുതുമ്പോൾ റാപ്പറിൽ കൊടുത്തിട്ടുള്ള നമ്പർകൂടി കാണിച്ചിരിക്കണം.

പരസ്യങ്ങൾ ശേഖരിച്ചുതരുന്നതിന് ബ്രാഞ്ചുസെക്രട്ടറിമാർ ശ്രദ്ധിക്കണം. താരിഫ് കാർഡ് ജില്ലാസെക്രട്ടറിയുടെ കയ്യിലുണ്ട്. ചീഫ് എഡിററർക്ക് എഴുതിയാലും കിട്ടും. ജേർണലിന് ഇന്നുണ്ടാകുന്ന സാമ്പത്തിക നഷ്ടം നികത്തുന്നതിനും, കൃത്യമായി പ്രസിദ്ധീകരണം മുന്നോട്ടു കൊണ്ടുപോകുന്നതിനും ഇത് അത്യാവശ്യമാണെന്ന് ഓർക്കുമല്ലോ.

ലേഖനങ്ങളും സംഘടനാവാർത്തകളും മുടങ്ങാതെ എത്തിച്ചു തരുന്നതിലും എല്ലാവരുടേയും ശ്രദ്ധപതിയണം.

അവധിക്കാലമായ ഏപ്രിൽ-മേയ് മാസങ്ങളിൽ ജേർണൽ പ്രസിദ്ധീകരിക്കുന്നതല്ല.

ചീഫ് എഡിററർ.

# സമരം ശക്തമായി തുടരും

## N. S. S. കോളേജ് ടീച്ചേർസ് കോ–ഓർഡിനേഷൻ കൗൺസിൽ

എൻ. എസ്. എസ്. കോളേജ് ടീച്ചേർസ് കോ–ഓർഡിനേഷൻ കൗൺസിലിന്റെ ഒരു യോഗം ഫെബ്രുവരി 21ന് എറണാകുളം ഹോട്ടൽ എമ്പസിയിൽ കൂടി. പ്രസിഡന്റ് പ്രൊഫ. ആർ. രവീന്ദ്രൻ നായർ അധ്യക്ഷത വഹിച്ചു. ജനുവരി 23ന് ചങ്ങനാശ്ശേരിയിൽ നടത്തിയ സത്യാഗ്രഹ സമരത്തെ യോഗം വിലയിരുത്തി. സത്യാഗ്രഹം മൊത്തത്തിൽ ഒരു വൻ വിജയമായിരുന്നു വെന്നും നല്ല പ്രചാരം ലഭിച്ചിരുന്നുവെന്നും വിദ്യാർത്ഥി–സർവീസ്–ട്രേയ്ഡ് യൂണിയനുകളുടേയും പൊതുജനങ്ങളുടേയും പിൻതുണ സമരത്തിനു നേടിയെടുക്കാൻ കഴിഞ്ഞുവെന്നും യോഗം അഭിപ്രായപ്പെട്ടു. സത്യാഗ്രഹത്തിൽ പങ്കെടുത്ത അധ്യാപകരേയും അഭിവാദ്യമർപ്പിക്കാനെത്തിയ വിദ്യാർത്ഥികളെയും എൻ. എസ്. എസ്. മാനേജുമെൻറു ഗുണ്ടകൾ കൈയേററം ചെയ്ത നടപടിയിൽ യോഗം ശക്തമായി പ്രതിഷേധിച്ചു. മാനേജുമെൻറിന്റെ ഇമ്മാതിരി പ്രവർത്തനങ്ങൾ അധ്യാപകരുടെ രോഷം ആളികത്തിക്കാനേ ഉപകരിക്കൂ. ശക്തമായ പ്രക്ഷോഭ പരിപാടികളുമായി മുന്നോട്ടു പോകുന്നതിനും കൗൺസിൽ തീരുമാനിച്ചു.

സത്യാഗ്രഹത്തിനു നേതൃത്വം നൽകിയ പെരുന്ന-പന്തളം കോളേജുകളിലെ അധ്യാപകരെ സ്ഥലം മാററിയ മാനേജുമെൻറിന്റെ നടപടിയിലും യോഗം പ്രതിഷേധിക്കുകയും പ്രസ്തുത സ്ഥലം മാററങ്ങൾ റദ്ദു ചെയ്യണമെന്ന് മാനേജുമെൻറിനോട് ആവശ്യപ്പെടുകയും ചെയ്തു.

മട്ടന്നൂർ യൂണിററ് പ്രശ്നം യോഗം സുദീർഘമായി ചർച്ച ചെയ്തു യൂണിററിലെ ചില അധ്യപകരുടെ സംഘടനാ വിരുദ്ധ പ്രവർത്തനങ്ങളെ യോഗം അപലപിച്ചു. എ. കെ. പി. സി. ടി. എ വർക്കിങ്ങ് കമ്മററിയുടെ തിരുമാനത്തിന് വിധേയമായി ഈ യൂണിററിലെ പ്രശ്നം രമ്യമായി പരിഹരിക്കേണ്ടതാണ്.

കോ-ഓർഡിനേഷൻ കൗൺസിൽ എക്സിക്യൂട്ടീവിന്റെ ഒരു യോഗം മധ്യവേനൽ അവധിക്കാലത്ത് കൂടുന്നതാണ്. തെരഞ്ഞെടുപ്പുകൾ കഴിഞ്ഞാലുടനേ പുതിയ ബ്രാഞ്ചു സെക്രട്ടറിമാരുടെ വെക്കേഷൻ വിലാസം കോ-ഓർഡിനേഷൻ സെക്രട്ടറിയെ അറിയിക്കേണ്ടതാണ്.

## ഡോ. കരുണാകരൻ നായർക്കും ഡോ. ശിവരാമകൃഷ്ണപിള്ളയ്ക്കും അനുമോദനം

പന്തളം എൻ. എസ്. എസ്. കോളേജ് ഇക്കണോമിക്സ് അധ്യാപകനായ ഡോ. ജി. കരുണാകരൻനായർക്ക് കേരളയൂണിവേഴ്സിററിയിൽ റീഡറായി ഉദ്യോഗം കിട്ടിയതിലും, കെമിസ്ട്രി ഡിപ്പാർട്ടുമെൻറിലെ അധ്യാപകനായ പ്രൊഫ. ആർ. ശിവരാമകൃഷ്ണപിള്ളക്ക് ഡോക്ടറേററ് ബിരുദം ലഭിച്ചതിലും എ. കെ. പി. സി. ടി. എ. പന്തളം ബ്രാഞ്ച് അനുമോദനം രേഖപ്പെടുത്തി. അനുമോദന യോഗത്തിൽ പ്രൊഫ. എം. ഡി. പത്മാവതി അധ്യക്ഷത വഹിച്ചു.

സംഘടനയുടെ ജനറൽ സെക്രട്ടറി പ്രൊഫ. എൻ. എം. ജോസഫ്, സെക്രട്ടറി പ്രൊഫ. ആർ. രവീന്ദ്രൻനായർ, ബ്രാഞ്ചുസെക്രട്ടറി പ്രൊഫ. കെ. സദാശിവൻനായർ, പ്രിൻസിപ്പൽ പ്രൊഫ. പി. സി. മേനോൻ, പ്രൊഫ. പി. എ. ശ്രീധരൻനായർ, പ്രൊഫ ചെറുകന്നം പുരുഷോത്തമൻ എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. ശ്രീ കരുണാകരൻ നായരും ശിവരാമകൃഷ്ണപിള്ളയും അനുമോദനത്തിനുനന്ദിപറഞ്ഞു. യോഗത്തിൽ പങ്കെടുത്തവർക്ക് ശ്രീ. ടി. കെ. സോമശേഖരൻ നായർ സ്വാഗതവും ശ്രീ. ജി. പ്രകാശ് കൃതജ്ഞതയും രേഖപ്പെടുത്തി. ○

# കോഴിക്കോട് യൂണിവേഴ്സിറ്റി സെനറ്റ് യോഗം ജനുവരി 1, 2

## പ്രമേയങ്ങൾ

1. ''പ്രൈവറ്റ് കോളേജ് അധ്യാപകരുടെ നിയമനവും, പ്രമോഷനും യൂണിവേഴ്സിറ്റി അംഗീകരിച്ചാലും തങ്ങളുടെ 'കൺകറൻസ്'' ഉണ്ടെങ്കിലേ അവരുടെ ശമ്പളം അവകാശപ്പെടാൻ അനുവദിക്കുകയുള്ളു എന്ന നിലപാടാണ് ഉത്തരമേഖലാ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചിരിക്കുന്നത്. ഈ സ്റ്റേറ്റിലെ മറ്റുരണ്ടു മേഖലകളിലും ഈ സമ്പ്രദായമില്ല. ഉത്തരമേഖലയിൽ മാത്രം തുടർന്നു വരുന്ന ഈ സമ്പ്രദായം അവസാനിപ്പിച്ച് യൂണിവേഴ്സിറ്റി അംഗീകാരം നൽകിയവർക്കെല്ലാം ശമ്പളം അനുവദിക്കാൻ പ്രസ്തുത ഡയറക്ടർക്ക് നിർദ്ദേശം നൽകണമെന്ന് സെനറ്റിന്റെ ഈ യോഗം കേരളാഗവൺമെന്റി നോടഭ്യർത്ഥിക്കുന്നു.''

(പ്രൊഫ. ടി. അബ്ദുൾ അസീസ്)

പ്രമേയം സിണ്ടിക്കേറ്റിനു വേണ്ടി അംഗീകരിച്ചു കൊണ്ട് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് പ്രൊഫ വി. നാരായണൻകുട്ടി ഉറപ്പു നൽകി.

2. ''ഡിഗ്രി ക്ലാസ്സുകളുടെ പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തുന്നതിൽ വരുന്ന കാലതാമസം വിദ്യാഭ്യാസ രംഗത്ത് പൊതുവെയും, വിദ്യാർത്ഥികൾക്ക് പ്രത്യേകിച്ചും പല വിധത്തിലുള്ള അസൗകര്യങ്ങൾ ഉണ്ടാക്കുന്നതിനാൽ, 1982 മാർച്ച് പരീക്ഷ മുതൽ, പരീക്ഷ കഴിഞ്ഞ് ഏറ്റവും പെട്ടന്ന് ഫലം പ്രഖ്യാപിക്കാൻ കഴിയുന്ന വിധം ഡിഗ്രി ക്ലാസ്സുകൾക്കു കൂടി കേന്ദ്രീകൃത വാല്യുവേഷൻ സമ്പ്രദായം ഏർപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കണമെന്ന് യൂണിവേഴ്സിറ്റിയോടും, അതിനു വേണ്ട ധനസഹായം നൽകണമെന്ന് ഗവൺമെന്റിനോടും സെനറ്റിന്റെ ഈ യോഗം അഭ്യർത്ഥിക്കുന്നു.''

(പ്രൊഫ. കെ. സുകുമാരൻ നായർ)

ഗവൺമെന്റിൽ നിന്നും ആവശ്യമായ ധനസഹായം ലഭിക്കുകയാണെങ്കിൽ ഡിഗ്രി കോഴ്സുകൾക്ക് കേന്ദ്രീകൃത വാല്യുവേഷൻ സമ്പ്രദായം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്ന് സിണ്ടിക്കേറ്റിനു വേണ്ടി പ്രൊഫ. ആർ രാമചന്ദ്രൻ നായർ മറുപടി പറഞ്ഞു.

3. ''അഫിലിയേഷൻ വ്യവസ്ഥകൾ അംഗീകരിച്ചു കൊണ്ട് പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് പ്രൊവിഷണൽ അംഗീകാരം വാങ്ങിയിട്ട് പ്രസ്തുത വ്യവസ്ഥ നടപ്പിലാക്കി കോഴ്സുകൾ തുടങ്ങാൻ തയ്യാറാകാത്ത മാനേജ്മെന്റുകളുടെ മേൽ ശക്തമായ നടപടികൾ കൈക്കൊള്ളണമെന്ന് സെനറ്റിന്റെ ഈ യോഗം സിണ്ടിക്കേറ്റിനോട് അഭ്യർത്ഥിക്കുന്നു.''

(ഡോക്ടർ.പി. എസ്. പണിക്കർ)

ചില വിദ്യാഭ്യാസ ഏജൻസികളുടെ ദുർന്നടപടികൾ മൂലം സെനറ്റിൽ പലപ്പോഴും പല അംഗങ്ങളും ആവശ്യപ്പെട്ടിട്ടുള്ള ഈ പ്രമേയത്തിന്റെ സ്പിരിട്ട് യൂണിവേഴ്സിറ്റി മനസ്സിലാക്കുന്നുണ്ടെന്നും അതിനെ സംബന്ധിച്ച് വളരെ ഉറച്ച നിലപാട് യൂണിവേഴ്സിറ്റി എടുക്കുന്നതാണെന്നും സിണ്ടിക്കേറ്റിനു വേണ്ടി പ്രൊഫ. വി. നാരായണൻ കുട്ടി ഉറപ്പു നൽകി.

## അടിയന്തിര പ്രമേയം

''നമ്മുടെ സംസ്ഥാനത്തുള്ള മെഡിക്കൽ എൻജിനീയറിംഗ് അഗ്രിക്കൾച്ചർ എന്നീ പ്രൊഫഷണൽ കോളേജുകളിൽ കഴിഞ്ഞ അഞ്ചുവർഷങ്ങളായി നടന്ന അഡ്മിഷനുകളിൽ, കാലിക്കട്ട് യൂണിവേഴ്സിറ്റി നടത്തിയ പരീക്ഷകളുടെ മാർക്കുലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പ്രവേശനം ലഭിച്ചവരുടെ മാർ

(ശേഷം 22-ാം പേജിൽ)

(6-ാം പേജിൻെറ തുടർച്ച)

മേഖലകളിലേയ്ക്കും ((പ്രത്യേകിച്ച് കൃഷി, വ്യവസായം തുടങ്ങിയ മേഖലകളിലേക്കും) കൂടി ശ്രദ്ധപതിപ്പിക്കേണ്ടതുകൊണ്ട് ആവശ്യമുള്ള പണം വിദ്യാഭ്യാസത്തിനായി നീക്കിവയ്ക്കുവാൻ കഴിയുന്നില്ല. ഫീസ് നിർത്തൽ തുടങ്ങിയ പരിപാടികളുടെ അനന്തരഫലമായി മുൻകാലങ്ങളിൽ ഉണ്ടായിരുന്ന ധനാഗമമാർഗങ്ങളും ഇല്ലാതായിതീർന്നിരിക്കുകയാണല്ലോ. ലെവി, സർച്ചാർജ് തുടങ്ങിയവ ഈടാക്കുക, സ്പെഷ്യൽഫീസ് വർദ്ധിപ്പിക്കുക തുടങ്ങിയ നിരവധി നിർദേശങ്ങളും മുന്നോട്ടുവച്ചിട്ടുണ്ടെങ്കിലും ഇവയൊന്നും തന്നെ സ്വീകരിക്കപ്പെട്ടിട്ടില്ല ഓരോവർഷവും വിദ്യാഭ്യാസച്ചെലവ് ക്രമാതീതമായി വർദ്ധിക്കുന്നതുകൊണ്ട് ഈ മേഖലയിൽ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടാനുള്ള സാദ്ധ്യതയുണ്ട്. അതിനാൽ വരും കൊല്ലങ്ങളിൽ—സംസ്ഥാന സർക്കാരിൻെറ വിദ്യാഭ്യാസപരമായ സ്വയം ഭരണാവകാശത്തിനു ഉടവുതട്ടാത്ത രീതിയിൽ— കേന്ദ്ര-സംസ്ഥാനസർക്കാരുകളുടെ കൂട്ടായ യത്നം ആവശ്യമായി വരും.

## ആറാം പദ്ധതി....പരിപാടികൾ

കേരളത്തിൻെറ പുതുക്കിയആറാം പഞ്ചവൽസര പദ്ധതിയിൽ (1980-85) വിദ്യാഭ്യാസത്തിനായി 50.20 കോടി രൂപ വകഇരുത്തിയിട്ടുണ്ട്. അഞ്ചാം പദ്ധതിയിലെ (1974-78) വിഹിതമാകട്ടെ 30.52 കോടിരൂപ മാത്രമായിരുന്നു. ആറാം പദ്ധതിയുടെ സംസ്ഥാന മേഖലയിൽ വിവിധ വിദ്യാഭ്യാസപരിപാടികൾക്കായി നീക്കിവെച്ചിട്ടുള്ള തുക പട്ടിക ഒന്നിൽ കാണിച്ചിരിക്കുന്നു.

പട്ടിക 1

| ഇനം | 1980-85ലെ സംസ്ഥാന വിഹിതം (കോടിരൂപ) |
|---|---|
| 1. പൊതു വിദ്യാഭ്യാസം | 16.00 |
| പ്രാഥമിക വിദ്യാഭ്യാസം | 9.50 |
| സെക്കണ്ടറി വിദ്യാഭ്യാസം | 0.70 |
| അദ്ധ്യാപക വിദ്യാഭ്യാസം | |
| സർവ്വകലാശാല വിദ്യാഭ്യാസം | 10.00 |
| വയോജന വിദ്യാഭ്യാസം | 0.50 |
| യുവജനക്ഷേമം, കായിക വിദ്യാഭ്യാസം സ്പോർട്ട്സ് | 2.50 |
| മററു പരിപാടികൾ | 2.00 |
| ആകെ-പൊതുവിദ്യാഭ്യാസം | 41.20 |
| 2. കലയും സംസ്കാരവും | 2.00 |
| 3. സാങ്കേതിക വിദ്യാഭ്യാസം | 7.00 |
| ആകെ | 50 20 |

പ്രാഥമിക വിദ്യാഭ്യാസത്തിനായി മാററിവച്ചിട്ടുള്ള 16 കോടി രൂപയും സംസ്ഥാനത്തിൻെറ ആറാം പദ്ധതിക്കാലത്തുള്ള 'മിനിമം നീഡ്സ്' പരിപാടിയിൽ ഉൾപ്പെടുത്തിയി

### ഉന്നതവിദ്യാഭ്യാസം

1979-80ൽ കേരളത്തിൽ 133 ആർട്സ് ആൻഡ് സയൻസ് കോളേജുകളാണ് ഉണ്ടായിരുന്നത്. അവയിൽ 54 എണ്ണം കോഴിക്കോട് സർവകലാശാലയുടെയും 79 എണ്ണം കേരള സർവകലാശാലയുടെയും കീഴിലാണ് പ്രവർത്തിക്കുന്നത്. കേരളത്തിലെ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിൽ 80 ശതമാനവും സ്വകാര്യമേഖലയിലാണ്. പുതുതായി 25 കോളേജുകൾ കൂടി അനുവദിച്ചിട്ടുണ്ട്. അവയിൽ 18 എണ്ണം സ്വകാര്യമേഖലയിലും 7 എണ്ണം പൊതുമേഖലയിലുമാണ്. 1979-80ൽ കോളേജ് വിദ്യാർത്ഥികളുടെ എണ്ണം 2.12 ലക്ഷം ആയിരുന്നു-പ്രീഡിഗ്രിക്ക് 124,730 വിദ്യാർത്ഥികളും ഡിഗ്രിക്ക് 81,735 വിദ്യാർത്ഥികളും പോസ്ററ് ഗ്രാജുവേററ് കോഴ്സുകൾക്ക് 5,328 വിദ്യാർത്ഥികളും. ഇവരിൽ 48%പെൺകുട്ടികളായിരുന്നു.

രിക്കുന്നു. ഇതിൽത്തന്നെ ഏഴ് കോടി രൂപ പ്രൈമറി സ്ക്കൂളുകൾക്കുള്ള കെട്ടിട നിർമ്മാണ ആവശ്യങ്ങൾക്കുള്ളതാണ്. പ്രാഥമിക വിദ്യാഭ്യാസം വ്യാപകമായി നടപ്പാക്കി ആ രംഗത്ത് സമ്പൂർണ്ണത കൈവരിക്കുക, പൊതുവേ വിദ്യാഭ്യാസ മേഖലയിലെ മേൻമ വർദ്ധിപ്പിക്കുക, തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനു ഊന്നു നൽകുക എന്നീ മൂന്നു പരിപാടികൾക്കായിരിക്കും ആറാം പദ്ധതിക്കാലത്ത് പ്രാധാന്യം നൽകുന്നത്. മററു സംസ്ഥാനങ്ങളെ അപേക്ഷിച്ച് പ്രാഥമികവിദ്യാഭ്യാസരംഗത്ത് സമ്പൂർണ്ണത കൈവരിക്കാൻ കേരളത്തിനു കഴിഞ്ഞിട്ടുണ്ട്. എങ്കിലും 6-11 വയസ്സ് പരിധിയിൽപ്പെട്ട എല്ലാ കുട്ടികളേയും ഈ മേഖലയിൽ കൊണ്ടുവരാൻ ഇനിയും കഴിഞ്ഞിട്ടില്ല. 6–11 വയസ്സ് ഗ്രൂപ്പിൽപ്പെട്ടവരുടെ പത്തുശതമാനത്തോളവും 11-14വയസ്സ് ഗ്രൂപ്പിൽപ്പെട്ടവരുടെ 15 ശതമാനത്തോളവും ഇപ്പോഴും വിദ്യാലയ പരിധിക്കു വെളിയിലാണ്. വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ദ്രുതഗതിയിലുള്ള വികസനം സ്ഥലസൗകര്യം പാഠ്യോപകരണങ്ങൾ എന്നിവയുടെ കര്യത്തിൽ വളരെയേറെ വൈഷമ്യങ്ങൾ സൃഷ്ടിച്ചിരിക്കുകയാണ്. ഇന്നും പല പ്രൈമറി വിദ്യാലയങ്ങളും ഷെഡ്ഡുകളിലാണ് സ്ഥിതിചെയ്യുന്നത്. ഇന്ന് ഒരു ശരാശരി ക്ലാസ്മുറിയുടെ വിസ്തീർണ്ണം ഡിപ്പാർട്ടുമെൻറ് നിശ്ചയിച്ചിട്ടുള്ള അളവിൽ വളരെ കുറവാണ്. ഫർണിച്ചറും ഇതര ഉപകരണങ്ങളും പല സ്ക്കൂളുകളിലും വേണ്ടത്രയില്ല. കേരളത്തിലെ വടക്കൻ ജില്ലകളിൽ പല പ്രൈമറി വിദ്യാലയങ്ങൾക്കും സ്വന്തമായ കെട്ടിടമോ, കെട്ടിടം നിർമ്മിക്കാനുള്ള സ്ഥലമോ ഇല്ല. അതിനാലാണ് ആറാം പദ്ധതിക്കാലത്ത് ഇത്തരം സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന പരിപാടികൾക്കു കൂടുതൽ പ്രാമുഖ്യം നൽകുന്നത്. പദ്ധതിക്കാലത്ത് വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളെ കണ്ടുപിടിക്കുകയും സാക്ഷരത–പ്രത്യേകിച്ചും പെൺകുട്ടികൾക്കിടയിലുള്ള സാക്ഷരത-വർദ്ധിപ്പിക്കുന്നത് ലാക്കാക്കി ആ പ്രദേശങ്ങളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുന്നതാണ്. പ്രീപ്രൈമറി വിദ്യാഭ്യാസത്തിനായി ഒരു ഇൻസ്റ്റിററ്യൂട്ട് സ്ഥാപിക്കുക, നഴ്സറി വിദ്യാഭ്യാസം കൈകാര്യം ചെയ്യുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനം ക്രമീകരിക്കുക ട്രെയിനിങ്ങ് പരിപാടികൾ സംഘടിപ്പിക്കുക എന്നീ പരിപാടികളും പദ്ധതിക്കാലത്ത് നടപ്പാക്കുന്നതാണ്.

## സെക്കൻററി ഘട്ടം

കഴിഞ്ഞ രണ്ടു ശതകത്തിലെ കണക്കുകൾ പരിശോധിക്കുകയാണെങ്കിൽ പ്രൈമറി ഘട്ടത്തിലുണ്ടായിരുന്നതിനേക്കാൾ വികസനം സെക്കണ്ടറി ഘട്ടത്തിലുണ്ടായിരുന്നുവെന്നു കാണാം. പ്രൈമറി ഘട്ടം കഴിഞ്ഞുള്ള തലങ്ങളിൽ പ്രധാനമായി ബോധനസമ്പ്രദായവും ഗണിതം, ശാസ്ത്രങ്ങൾ എന്നിവയിലുള്ള പാഠ്യഭാഗങ്ങളും മെച്ചപ്പെടുത്തുന്നതു വഴി വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിലും പാഠ്യപദ്ധതിയിൽ വളരെ ആവശ്യമായ തൊഴിൽപരവും സാങ്കേതികവുമായ പരിശീലനത്തിനുള്ള ചായ്‌വ് ഉൾക്കൊള്ളിക്കുന്നതിലും ആറാം പദ്ധതിക്കാലത്ത് ഊന്നുനൽകുന്നതാണ്. സംസ്ഥാനത്തെ ഇൻസ്ററിററ്യൂട്ട് ഓഫ് സയൻസ് എന്നീ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പരിപാടികളും പദ്ധതിയിലുണ്ട്.

### വിദ്യാഭ്യാസ ചെലവ്

1980–81-ൽ വിദ്യാഭ്യാസത്തിനുവേണ്ടി 202.19 കോടി രൂപയാണ് ചെലവിട്ടത്. 1960-61-ൽ ഇത് 18 55 കോടി രൂപ മാത്രമായിരുന്നു. ഇപ്പോൾ ഒരു പ്രൈമറി സ്ക്കൂൾ വിദ്യാർത്ഥിക്കുവേണ്ടി 267 51 രൂപയും ഹൈസ്ക്കൂൾ വിദ്യാർത്ഥിക്കുവേണ്ടി 400.47 രൂപയും പൊതുഖജനാവിൽ നിന്നും ചെലവാക്കുന്നുണ്ട്. വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള ആകെ മുതൽമുടക്കിന്റെ 57 ശതമാനം പ്രൈമറി വിദ്യാഭ്യാസത്തിനും 26 ശതമാനം ഹൈസ്കൂൾ വിദ്യാഭ്യാസത്തിനും പത്ത് ശതമാനം സർവകലാശാലാവിദ്യാഭ്യാസത്തിനും നാലു ശതമാനം സാങ്കേതികവിദ്യാഭ്യാസത്തിനും വേണ്ടിയാണ് ചെലവഴിക്കുന്നത്.

സംസ്ഥാനത്ത് ആകെ 92 (30 പൊതുമേഖലയിലും 62 സ്വകാര്യമേഖലയിലും) അധ്യാപക പരിശീലനവിദ്യാലയങ്ങളാണുള്ളത്. പുതുക്കിയ പാഠ്യപദ്ധതിയനുസരിച്ചുള്ള പഠനത്തിന് ആവശ്യമായ ഉപകരണങ്ങളോ ഇതര സൗകര്യങ്ങളോ ഇല്ലാത്തവയാണ് ഇവയിൽ ഒട്ടുമുക്കാലും. അതിനാൽ അധ്യാപക പരിശീലന വിദ്യാലയങ്ങളിൽ ഏററവും കുറഞ്ഞ സൗകര്യങ്ങളെങ്കിലും ആറാം പദ്ധതിക്കാലത്ത് ഉണ്ടാക്കാനുള്ള പരിപാടിയുണ്ട്.

## ഉന്നതവിദ്യാഭ്യാസരംഗം

പൊതുവിദ്യാഭ്യാസത്തിലും സാക്ഷരതയിലും കേരളം ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ചു മുന്നിലാണെങ്കിലും ഉന്നതവിദ്യാഭ്യാസരംഗത്ത് സംസ്ഥാനത്തിൻെറ വളർച്ച മന്ദഗതിയിലുള്ളതാണ്. തൊഴിലവസരങ്ങളുടെ അഭാവം നിമിത്തം ഇന്ന് ഉന്നതവിദ്യാഭ്യാസരംഗത്ത് ആവശ്യത്തിൽ കൂടുതൽ ആളുകൾ അധ്യയനം നടത്തി വരുന്നതായി കാണാം. ഇക്കാരണത്താൽ ആർട്ട്സ്–സയൻസ് കോളേജുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ചുമതല ഗവൺമെൻറിന് ഏറെറടുക്കേണ്ടതായി വരുന്നു. കഴിഞ്ഞ ഒരു ദശകത്തിനിടയ്ക്ക് ഉന്നതവിദ്യാഭ്യാസരംഗത്ത് കേരളത്തിന് കൂടുതൽ നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞു. ഇപ്പോൾ സംസ്ഥാനത്ത് 1.8 ലക്ഷം വിദ്യാർത്ഥികൾ പഠിക്കുന്ന 133 ആർട്ട്സ്–സയൻസ് കോളേജുകൾ പ്രവർത്തിക്കുന്നു. കേരളം, കോഴിക്കോട്, കൊച്ചി സർവകലാശാലകൾക്ക് കൂടുതൽ ഗ്രാൻറ് നൽകുന്നതു കൂടാതെ പുതിയ ഗവൺമെൻറ് കോളേജുകൾ തുറക്കുക. നിലവിലുള്ള കോളേജുകൾക്കു വേണ്ട കെട്ടിടങ്ങൾ നിർമ്മിക്കുക. ചില കോളേജുകൾ അപ്ഗ്രേഡ് ചെയ്യുക. പുതിയ കോഴ്സുകൾ തുടങ്ങുക, ഷിഫ്ററ് സമ്പ്രദായം കൂടുതലായി ഏർപ്പെടുത്തുക, റിസർച്ച്-ലൈബ്രറി സൗകര്യങ്ങൾ വർധിപ്പിക്കുക, സംസ്ഥാന ഭാഷാ ഇൻസ്ററിററ്യൂട്ടിൻെറ പ്രവർത്തനമണ്ഡലം വികസിപ്പിക്കുക തുടങ്ങിയ നിരവധി പരിപാടികൾ ആറാം പദ്ധതിക്കാലത്ത് ഉന്നതവിദ്യാഭ്യാസരംഗത്ത് നടപ്പാക്കുന്നതാണ്.

പൊതു വിദ്യാഭ്യാസത്തിൽ നേരത്തേയുള്ള നേതൃത്വം നിലനിർത്തുവാനും സാങ്കേതിക വിദ്യാഭ്യാസരംഗത്ത് വളരെയധികം പുരോഗതി കൈവരിക്കുവാനും കേരളത്തിനു കഴിഞ്ഞിട്ടുണ്ട്. എൻജിനീയറിംഗ് ഡിഗ്രി കോഴ്സുകൾ, ഡിപ്ലോമ കോഴ്സുകൾ, പോസ്ററ് ഗ്രാഡ്വെററ് കോഴ്സുകൾ, സർട്ടിഫിക്കററ് കോഴ്സുകൾ, ജൂനിയർ ടെക്നിക്കൽ സ്ക്കൂൾ കോഴ്സ്, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് തുടങ്ങിയവയാണ് സാങ്കേതിക വിദ്യാഭ്യാസത്തിൻെറ കീഴിൽ വരുന്നത്. കൂടാതെ ഇൻസ്ററിററ്യൂഷൻ ഓഫ് എൻജിനിയേഴ്സ് അംഗത്വത്തിന് അർഹമാക്കുന്ന കോഴ്സുകളും ഇതിൽപ്പെടുന്നു. ഇപ്പോൾ സംസ്ഥാനത്ത് ആറ് എൻജിനീയറിങ് കോളേജുകളാണ് പ്രവർത്തിക്കുന്നത്. ഇതുകൂടാതെ സാങ്കേതിക പഠനത്തിനായുള്ള 19 പോളിടെക്നിക്കുകളും 25 ജൂനിയർ ടെക്നിക്കൽ സ്ക്കൂളുകളും നിലവിലുണ്ട്. സ്ക്കൂളുകളിൽനിന്നും പഠനം നിർത്തുന്നവർക്ക് ചില പ്രത്യേക സാങ്കേതിക വിഷയങ്ങളിൽ പരിശീലനം നൽകാനായി 15 പ്രീവൊക്കേഷണൽ ട്രെയിനിങ് സെൻററുകളും സംസ്ഥാനത്തുണ്ട്. സാങ്കേതിക വിദ്യാഭ്യാസരംഗത്ത് ഏററവും കൂടുതൽ വികസനമുണ്ടായത് രണ്ടും മൂന്നും പദ്ധതിക്കാലത്താണ്. എൻജിനീയറിങ് കോളേജുകളിലേയും പോളിടെക്നിക്കുകളിലേയും കൂടുതൽ പഠനസൗകര്യങ്ങൾ കാരണം ആവശ്യത്തിലേറെ സാങ്കേതിക വിദഗ്ധരെ ഇക്കാലത്ത് സംസ്ഥാനത്ത് ലഭ്യമായി. അതിനാൽ സാങ്കേതിക വിദ്യാലയങ്ങളിലെ പ്രവേശന സൗകര്യം കുറയ്ക്കാനുള്ള തീരുമാനം ഗവൺമെൻറ് കൈക്കൊണ്ടു. നാലും അഞ്ചും പദ്ധതികൾ സാങ്കേതികവിദ്യാഭ്യാസത്തിന് വളരെയൊന്നും പ്രാധാന്യം കല്പിച്ചില്ല സാങ്കേതികവിദ്യാഭ്യാസരംഗത്തുള്ള മേൻമ വർദ്ധിപ്പിക്കുകയെന്നതായിരുന്നു ഈ പദ്ധതികളിലെ പ്രധാനലക്ഷ്യം ആറാം പദ്ധതിയിലും പുതിയ എഞ്ചിനീയറിങ് കോളേജ്കൾ തുറക്കുകയെന്നകാര്യത്തിൽ നിയന്ത്രണം പാലിക്കുന്നതാണ്. എങ്കിലും ഒരു എഞ്ചിനീയറിങ് കോളേജുകൂടി സ്ഥാപിക്കാനുള്ള നിർദ്ദേശം

പ്ളാനിലുണ്ട്. പോളിടെക്നിക്കുകളുടെ കാര്യത്തിലാണെങ്കിൽ ഇതുവരെ അവഗണിക്കപ്പെട്ടിട്ടുള്ള ചില പ്രദേശങ്ങളിൽ പുതിയ വിദ്യാലയങ്ങൾ തുറക്കാതിരിക്കുവാൻ സാധ്യമല്ല. ആറാം പദ്ധതിക്കാലത്ത് തിരുവനന്തപുരത്തെ എൻജിനീയറിങ്ങ് കോളേജിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതായിരിക്കും.

## ആസൂത്രിതവിദ്യാഭ്യാസം

സംസ്ഥാന എംപ്ളോയ്മെൻറ് എക്സ്ചെഞ്ചുകളുടെ കണക്കുകൾ പ്രകാരം ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിൻെറ ഫലമായി നിരവധി പ്രൊഫഷണൽ—ടെക്നിക്കൽ ഉദ്യോഗാർത്ഥികൾ സംസ്ഥാനത്തുണ്ടെന്നു കാണാം. ആയിരത്തോളം മെഡിക്കൽ ബിരുദധാരികളും ആയിരത്തി അഞ്ഞൂറോളം എൻജിനീയറിങ്ങ് ബിരുദധാരികളും ഈ തൊഴിൽ രഹിതരിൽപ്പെടും. അതിനാൽ നമ്മുടേതുപോലുള്ള ഒരു ആസൂത്രിത സംവിധാനത്തിൽ വിദ്യാഭ്യാസത്തെ മനുഷ്യശക്തിയുടെ ആവശ്യവുമായി ബന്ധപ്പെടുത്തേണ്ടിയിരിക്കുന്നു. ഭാവിയിൽ വിവിധമേഖലകളിൽ വേണ്ടിവരുന്ന മനുഷ്യശക്തി എത്രയാണെന്ന് കണക്കാക്കാൻ പ്രയാസമാണെങ്കിലും, എൻജിനീയർമാർ, ഡോക്ടർമാർ, അദ്ധ്യാപകർ, വൈദ്യസഹായവുമായി ബന്ധപ്പെട്ട മററു ജോലിക്കാർ തുടങ്ങിയ ചില പ്രധാന വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളമെങ്കിലും ഈ വഴിക്ക് ഒരു യത്നം നടത്താവുന്നതാണ്. വിദ്യാഭ്യാസത്തിൻെറ ഒരു പ്രധാന ഭാഗം ആസൂത്രിതവിധേയമാക്കവനും. അങ്ങനെവിദ്യാഭ്യാസത്തിൽ ഇന്നുണ്ടാകുന്ന പാഴ്ച്ചെലവ് ഒരളവുവരെ കുറയ്ക്കാനും ഇത് സഹായകമാകും. (അധ്യാപകലോകം)

(18—ാം പേജിൻെറ തുടർച്ച)

ക്ക് ലിസ്ററുകൾ, യൂണിവേഴ്സിററി രജിസ്ററർവച്ച് പരിശോധിച്ച് ക്രമക്കേടുകൾ ഉണ്ടോ എന്നു കണ്ടുപിടിച്ച് വേണ്ട നടപടികൾ സ്വീകരിക്കേണ്ടത് ഇന്നത്തെ പരിതസ്ഥിതിയിൽ ആവശ്യമായതിനാൽ, സെനററിൻെറ മററുനടപടികൾ നിർത്തിവച്ച് ഈ കാര്യം ചർച്ച ചെയ്യണമെന്ന് സെനററിൻെറ ഈ യോഗം അഭ്യർത്ഥിക്കുന്നു.

എം. ബി. ബി. എസിനും മററു പ്രൊഫഷണൽ കോഴ്സുകൾക്കും കഴിഞ്ഞ അഞ്ചു വർഷമായി പ്രവേശനം ലഭിച്ച കാലിക്കട്ട് യൂണിവേഴ്സിററിയിലെ വിദ്യാർത്ഥികളുടെ മാർക്ക് ലിസ്ററ് പരിശോധിക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ടെന്ന് വൈസ് ചാൻസലർ സെനററിനെ അറിയിച്ചു. ഈ വർഷം അഡ്മിഷൻ ലഭിച്ച മെഡിക്കൽ വിദ്യാർത്ഥികളുടേയും, ബി. എസ്. സി. നേഴ്സിംഗ് വിദ്യാർത്ഥിനികളുടേയും മാർക്കുലിസ്ററ് പരിശോധിച്ചതിൽ അപാകതകൾ ഒന്നും കണ്ടുപിടിക്കപ്പെട്ടിട്ടില്ലെന്നും, ബാക്കി മാർക്കുലിസ്ററുകൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണെന്നും വൈസ്ചാൻസലർ അറിയിച്ചു. ○


### കേരള പ്രൈവററ് കോളേജ് ടീച്ചർ

എല്ലാ ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളിലും ചെന്നെത്തുന്ന മാസിക

ADVERTISEMENT RATE

| | | |
|---|---|---|
| Cover page (Back) | — | Rs 1000 |
| Front inside Cover | — | Rs. 600 |
| Back inside Cover | — | Rs. 600 |
| Full Page | — | Rs. 400 |
| Half Page | — | Rs. 200 |

എഴുതുക:

ചീഫ് എഡിറ്റർ
കേരള പ്രൈവററ് കോളേജ് ടീച്ചർ,
മാസിക,
കേശവദാസപുരം, തിരുവനന്തപുരം—4

## STATEMENT OF OWNERSHIP AND OTHER PARTICULARS ABOUT KERALA PRIVATE COLLEGE TEACHER

| | | |
|---|---|---|
| 1. Title of the Newspaper | : | KERALA PRIVATE COLLEGE TEACHER |
| 2. Place of Publication | : | TRIVANDRUM, KERALA |
| 3. Periodicity of Publication | : | MONTHLY |
| 4. Printer's Name | : | Prof. V. NARAYANAN KUTTY |
| Nationality | : | Indian |
| Address | : | Professor<br>Guruvayoorappan College, Calicut. |
| 5. Publisher's Name | : | Prof. V. NARAYANAN KUTTY |
| Nationality | : | Indian |
| Address | : | Professor<br>Guruvayoorappan College, Calicut. |
| 6. Editor's Name | : | V. N. MURALI |
| Nationality | : | Indian |
| Address | : | Vasantham,<br>Chempakassery Nagar,<br>Kesavadasapuram, Trivandrum-4 |
| 7. Name and Address of the individuals who owns the Newspaper | : | ALL-KERALA PRIVATE COLLEGE TEACHERS' ASSOCIATION |

I. Prof. V. Narayanan kutty hereby declare that the particulars given above are true to the best of my knowledge and belief.

1-3-1982

Sd/-
Prof. V. Narayanan kutty

**kerala private college teacher**


*monthly journal of the all kerala private college teachers' association*

*Registered No: KL|TV(N)|23*

*R. No. M-36025|81*

*No. 36*

# എസ്. എൻ. മാനേജുമെൻറിനു മുമ്പിൽ എ. കെ. പി. സി. ടി. എ. ധർണ്ണ.



കൊല്ലം എസ്. എൻ. ട്രസ്ററാഫീസ് പടിക്കൽ എ. കെ. പി. സി. ടി. എ. പ്രവർത്തകർ മാർച്ച് 8ന് നടത്തിയ ധർണ. സ്ഥലംമാററങ്ങൾക്ക് മാനദണ്ഡമുണ്ടാക്കുക, ലീവനുവദിക്കുന്നതിലുള്ള വിവേചനവും കാലതാമസവും അവസാനിപ്പിക്കുക തുടങ്ങിയ പ്രധാനപ്പെട്ട ആവശ്യങ്ങളുന്നയിച്ചുകൊണ്ടായിരുന്നു ധർണ.

*printed and published by v. narayanan kutty, at chempaka printers, trivandrum-4 phone: 702*

*chief editor: v. n. murali.*